ലക്കം–14/ഫെബ്രുവരി, 2014

# ഹവിസ്സ്

ആത്മ സാക്ഷാത്കാരത്തിന്റെ നേർവഴി



## മഹാശിവരാത്രി മംഗളാശംസകൾ



# തമസോ മാ ജ്യോതിർ ഗമയഃ

ശൈത്യത്തിന്റെ പിടി അയഞ്ഞു തുടങ്ങി. വസന്തത്തിന്റെ കാലടി ശബ്ദം അടുത്തെത്തുകയും ചെയ്തു. മനുഷ്യ മനസ്സുകളിൽ എങ്ങും ഉത്സാഹവും ഉന്മേഷവും കളിയാടുന്നു. പ്രകൃതിയും മാനവ ജീവിതവും എന്നും മാററത്തിന്റെ കൂട്ടുകാരാണ്. മാററമാണെങ്കിലോ സൃഷ്ടിയുടെ അലിഖിത നിയമവും.

ഇത്തവണ യാത്രയ്ക്കിടയിലെ കാഴ്ചകളിൽ അധികവും ശിവരാത്രിയുടെ തയ്യാറെടുപ്പുകളായിരുന്നു. രാജസ്ഥാനിലും ഗുജറാത്തിലും മദ്ധ്യപ്രദേശിലും മഹാരാഷ്ട്രയിലും ആന്ധ്രയിലും ഛത്തീസ്ഗഢിലും ഒഡീഷയിലും എല്ലാം വലിയ വലിയ ശിവലിംഗങ്ങൾ തയ്യാറാക്കുന്ന തിരക്കിലാണ് ഭക്തർ. ഭാരത വർഷം മുഴുവൻ കൊണ്ടാടുന്ന ഈ മഹോത്സവത്തിൽ ഹവിസ്സും പങ്കു ചേരുന്നു. ഹവിസ്സിന്റെ എല്ലാ വായനക്കാർക്കും അഭ്യുദയകാംക്ഷികൾക്കും മഹാശിവരാത്രിയുടെ മംഗളാശംസകൾ...

ആയിരം ഏകാദശികളുടെ പുണ്യവുമായി നമ്മെത്തേടിയെത്തുന്ന ശിവരാത്രി... ഇത്രയധികം പുണ്യം നമുക്കു പകർന്നു തരുന്ന മറ്റൊരു ഉത്സവവും ഭക്തി മാർഗ്ഗത്തിൽ ഇല്ല തന്നെ. കുട്ടിക്കാലത്ത് ശിവരാത്രി വ്രതം എടുത്തതിന്റെയും ഉറക്കമിളച്ചതിന്റെയും മററും സ്മൃതി ഇന്നും നമ്മിൽ പലരുടെയും മനസ്സിൽ നിന്നും മാഞ്ഞിട്ടുണ്ടാകില്ല. നമ്മുടെ തിരക്കുകൾക്കിടയിൽപ്പെട്ട് ഇത്തരം നന്മയുടെ നാളങ്ങൾ ഒരല്പം ആടി ഉലഞ്ഞെങ്കിലും ഭൂരിഭാഗം പേരും മനസ്സിലെങ്കിലും അവ അണയാതെ സൂക്ഷിക്കുന്നത് നമ്മുടെ പുണ്യം. അന്ധകാരത്തിന്റെ ഈ ഉത്സവത്തിന് എന്താണിത്ര പ്രാധാന്യം വരുവാൻ കാരണം? അർത്ഥസഹിതമാകുമ്പോൾ ആഘോഷങ്ങളുടെ ആസ്വാദനവും ഫലസിദ്ധിയും ഏറും. പന്ത്രണ്ടു മണിക്കൂർ നീളുന്ന ഒരു രാത്രി ഉറക്കം നിന്നതു കൊണ്ട് പറയത്തക്ക മാററം നമ്മിൽ ഉണ്ടാകുമെന്ന് വിശ്വസിക്കുവാൻ യുക്തി തടസ്സം നിൽക്കുന്നു.

ശിവരാത്രിയിലെ രാത്രി കലിയുഗ അജ്ഞാനത്തിന്റെ, അധർമ്മത്തിന്റെ അന്ധകാരമാണ്. അന്ധകാരത്തിന്റെ ഈ മൂർദ്ധന്യതയിൽ അതീവ ഗുഹ്യമായി നടക്കുന്ന ഒരു ഈശ്വരീയ കർത്തവ്യമുണ്ട് – സ്വയംഭൂവായ ഭഗവാൻ ഈ ഭൂമിയിൽ അവതരിക്കുന്നു. ഇപ്രകാരം സർവ്വ മംഗളകാരിയായ, സർവ്വശക്തനായ പരമാത്മാ ശിവൻ ഈ ഭൂമിയിൽ അവതരിക്കുന്നതിന്റെ ഓർമ്മ പുതുക്കലാണ് ഓരോ ശിവരാത്രിയും. യുഗപരിവർത്തനത്തിന്റെ ഈ മംഗളവേളയിലാണ് ജ്ഞാനോദ്ദീപ്തരായി, ധർമ്മത്തിന്റെ പക്ഷം ചേർന്ന് നാം ഉണർന്നിരിക്കേണ്ടത്. ജ്ഞാനസൂര്യന്റെ കിരണങ്ങളേററ് നമ്മിലെ അലസതയുടെ, അജ്ഞാനത്തിന്റെ, അപവിത്രതയുടെ അഴുക്കുകൾ ഭസ്മീകരിക്കപ്പെടുമ്പോൾ ദൈവീകതയുടെ തിളക്കം നമ്മിൽ ദൃശ്യമായിത്തുടങ്ങും. ജ്ഞാനസാഗരനായ പരമാത്മാവിൽ നിന്നും ലഭിക്കുന്ന ജ്ഞാനം ഉൾക്കൊണ്ട് ഓരോ മാനവ ആത്മാവും അവരുടെ സമ്പൂർണ്ണതയിൽ എത്തിച്ചേരുന്ന സമയമാണിത്. ഇപ്രകാരം കല്പ–കല്പങ്ങളിൽ കലിയുഗ അധർമ്മത്തിന്റെ അന്ത്യവും സത്യയുഗ ദൈവീക രാജ്യത്തിന്റെ സ്ഥാപനയും അനസ്യൂതം നടന്നുകൊണ്ടേയിരിക്കുന്നു. അനേകായിരങ്ങളിൽ ചിലർക്കു മാത്രം ഈശ്വരീയ സന്നിധിയുടെ, പഠിപ്പിന്റെ സൗഭാഗ്യം പ്രാപ്തമാകുന്നു. സ്വയം ഈശ്വരനാൽ നേർവഴിക്കു നയിക്കപ്പെടുന്ന കോടി കോടി സൗഭാഗ്യവാന്മാരായ ആ ആത്മാക്കൾ നവയുഗ സൃഷ്ടിയുടെ ആധാരശിലകളായിത്തീരുന്നു.

ജ്ഞാനസൂര്യൻ ഇവിടെ ഉദിച്ചു കഴിഞ്ഞു. അധർമ്മത്തിന്റെ, അജ്ഞാനത്തിന്റെ ഇരുട്ടിൽ നിന്നും ഈ സൃഷ്ടി മുക്തമാകുകയാണ്. ഒരിക്കൽ കൂടി നാം ഉണർന്നിരിക്കേണ്ട സമയം സമാഗതമായിരിക്കുന്നു. ഈ ശിവരാത്രി നാളുകളിൽ ഹവിസ്സിന്റെ ഓരോ വായനക്കാരനും അതിനാകട്ടെ എന്ന ശുഭ സങ്കല്പത്തോടെ...



## താളുകൾ മറിക്കുമ്പോൾ


വിവേക ശകലങ്ങൾ........................................................ ദാദി ജാനകി

സകാരാത്മക ചിന്തനവും ഈശ്വരന്റെ........................................ബി.കെ. സുരേന്ദ്രൻ, ബംഗലൂർ

ചില ശിവരാത്രി ചിന്തകൾ........................................ബി.കെ. സുഭാഷ്, മൗണ്ട ്ആബു

ഭഗവത് സാനിദ്ധ്യം (കവിത)........................................ബി.കെ. ശോഭാദേവി, തിരുവനന്തപുരം

ചിന്തകളെ സൂക്ഷ്മമായി ........................................ബി. കെ. രാജേഷ്മോഹൻ, ആലപ്പുഴ

മുടിയനായ പുത്രൻ........................................രവീന്ദ്രൻ പുത്തൂർ, തിരുവനന്തപുരം

വിശ്വപരിവർത്തനത്തിന്റെ ചുവടുകൾ........................................ബി. കെ. അനില

മൂല്യാധിഷ്ഠിത സമാജം........................................ജനാർദ്ദന ഉണ്ണിത്താൻ, മാവേലിക്കര

മാന്ത്രികം........................................ബി.കെ. അനിൽ, തിരുവനന്തപുരം

ജ്ഞാനം-ഭക്തി-വൈരാഗ്യം........................................ബി.കെ. സുരേഷ്, തിരുവനന്തപുരം

ജീവിതത്തിലെ വെല്ലുവിളികളെ........................................അമ്പിളി പ്രസാദ്, മൗണ്ട്ആബു

ബുദ്ധിമുട്ട്........................................ചന്ദ്രശേഖരൻ, പാലിയത്ത് കൊടുങ്ങല്ലൂർ

തീരുമാനങ്ങളുടെ പങ്ക്........................................സുനിത, പാലക്കാട്

മോതിര വാക്യം........................................നിഖിൽ എലത്തൂർ, കോഴിക്കോട്

നേർക്കാഴ്ച........................................ഡോ.വത്സലൻ നായർ, മൗണ്ട ്ആബു

വിധിയിലൂടെ സിദ്ധി........................................രഘുനാഥൻ മാമ്പള്ളി, ചാത്തന്നൂർ

സേവന വാർത്തകൾ........................................ഹവിസ് ബ്യൂറൊ



**ബഹു. ഡോ. ദാദി ജാനകി**
മുഖ്യ പ്രശാസിക, ബ്രഹ്മാകുമാരീസ്

**ലക്ഷ്യത്തിലേയ്ക്ക് ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നവർ വിജയികളാകും.**

നമ്മുടെ ലക്ഷ്യത്തിലേയ്ക്കുള്ള യാത്രയിൽ വഴി
തെററുക എളുപ്പമാണ്.
വിജയം നേടുവാനായി, ആദ്യം
ഞാൻ എന്റെ ലക്ഷ്യം വ്യക്തമാക്കുകയും,
ശേഷം എന്റെ ശക്തികളെ
ആ ലക്ഷ്യത്തിലേയ്ക്ക്
കേന്ദ്രീകരിക്കുകയും വേണം.

## പ്രജാപിതാ ബ്രഹ്മാകുമാരീസ് ഈശ്വരീയ വിശ്വ വിദ്യാലയം



എല്ലാ ജാതിയിലും മതത്തിലും വർഗ്ഗത്തിലും പെട്ട ഞങ്ങൾ 137 രാജ്യങ്ങളിലായി വ്യാപിച്ചിരിക്കുന്ന പ്രജാപിതാ ബ്രഹ്മാകുമാരീസ് ഈശ്വരീയ വിശ്വ വിദ്യാലയത്തിന്റെ 9000 രാജയോഗ കേന്ദ്രങ്ങളിൽ നിത്യേന ക്ലാസ്സുകളിൽ പങ്കെടുക്കുന്നു. 55 രാജയോഗ കേന്ദ്രങ്ങളിലൂടെയും അനേകം ശാഖോപശാഖകളിലൂടെയും മലയാളത്തിന്റെ മണ്ണിലും ബ്രഹ്മാകുമാരീസ് അതിന്റെ ജൈത്രയാത്ര തുടരുകയാണ്. എല്ലാ വിശ്വാസ സംഹിതകളെയും ബഹുമാനിക്കുന്ന, യുക്തിയുക്തമായി ആത്മാവിന്റെയും ഈശ്വരന്റെയും, സമയത്തിന്റെയും, കർമ്മത്തിന്റെയും സ്വഭാവ രീതികൾ വിശദീകരിക്കുന്ന, ജ്ഞാനദീപ്തമായ ഒരു ജീവിതരീതി വർണ്ണിക്കുന്ന ആദ്ധ്യാത്മിക പഠനമാണ് ഞങ്ങൾ ഇവിടെ നടത്തുന്നത്.

മനസ്സിനെ ശാന്തമാക്കുന്ന, നമ്മുടെ ആന്തരീകവും ബാഹ്യവുമായ ലോകവുമായി ആരോഗ്യകരമായ ഐക്യം വളർത്തുന്ന, ഒരു ധ്യാന മാർഗ്ഗം ഞങ്ങൾ അഭ്യസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നു. അനേകം സാമൂഹ്യ പ്രവർത്തനങ്ങളിലൂടെയും സഹയോഗങ്ങളിലൂടെയും ആദ്ധ്യാത്മിക ധാരണയും സമഗ്രമായ നേതൃത്വവും ഞങ്ങൾ പ്രോത്സാഹിപ്പിക്കുകയും കൂടുതൽ മെച്ചപ്പെട്ട ഒരു ലോകത്തിനായി ഉത്കൃഷ്ടമായ കർമ്മങ്ങൾ ചെയ്യുകയും ചെയ്യുന്നു.

# സകാരാത്മക ചിന്തനവും ഈശ്വരന്റെ ഹീലിംഗ് ശക്തിയും

ബി.കെ. സുരേന്ദ്രൻ, ബംഗലൂർ

ഇന്ന് പൊതുവേ എല്ലാവരും തന്നെ സകാരാത്മ ചിന്തനത്തിന്റെ പ്രസക്തിയെ അംഗീകരിച്ചു കഴിഞ്ഞിട്ടുണ്ട്. ഓരോരുത്തരും ഇന്ന് അവരവരുടെ ചിന്തകളുടെ മികവിനെക്കുറിച്ച് ബോധവാന്മാരാണ് എന്തുകൊണ്ടെന്നാൽ ഇന്നത്തെ കാലഘട്ടത്തിൽ നകാരാത്മകവും, വ്യർത്ഥവും വികാരീ ചിന്തകളുമെല്ലാം തന്നെ സമൂഹത്തിൽ പല തരത്തിലുള്ള ശാരീരിക-മാനസ്സീക-സാമൂഹിക പ്രശ്നങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. ചിന്തകൾ തന്നെയാണ് ഓരോ പ്രവൃത്തിയുടേയും ബീജം. ഈ ലോകത്തിലുള്ള ഏതൊരു കാര്യവും ചിന്തയിൽ നിന്നാണ് തുടങ്ങുന്നത്. വിത്ത് ശരിയല്ലെങ്കിൽ വിളവും തീരെ മോശമായിരിക്കും. ഇന്ന് ഡോക്ടർമാർ പോലും രോഗികളോട് സകാരാത്മക ചിന്തനത്തിന്റെ ആവശ്യകതയെക്കുറിച്ചും, നകാരാത്മക ചിന്തനം മൂലം ശരീരത്തിനും മനസ്സിനും ഉണ്ടാകുന്ന അവസ്ഥകളെക്കുറിച്ചും രോഗികളെ ബോദ്ധ്യപ്പെടുത്താറുണ്ട്. രോഗശമനപ്രക്രിയയിൽ മരുന്നിന് സ്ഥാനമുള്ളതുപോലെതന്നെ സകാരാത്മക ചിന്തനത്തിനും വളരെ പ്രസക്തമായ സ്ഥാനം ഉണ്ടെന്ന് കണ്ടെത്തിക്കഴിഞ്ഞിട്ടുണ്ട്.

**സകാരാത്മകമായി ചിന്തിക്കൂ**

എല്ലാ സാഹചര്യങ്ങളിലും പോസിറ്റീവായി ചിന്തിക്കുകയെന്നത് ഇന്നത്തെ കാലഘട്ടത്തിൽ അത്ര എളുപ്പമുള്ള കാര്യമല്ലെന്ന് നമുക്കറിയാം. വളരെക്കാലങ്ങളായി നാമെല്ലാവരും ശീലിച്ചുപോന്ന നെഗറ്റീവും വ്യർത്ഥവും വൈകാരികവുമായ ചിന്തകൾ കാരണം, നെഗറ്റീവും പോസിറ്റീവുമായ ചിന്തകളുടെ ആന്തരീക സംഘർഷങ്ങൾക്ക് അടിമയായിരുന്ന നമ്മെ സംബന്ധിച്ചിടത്തോളം ഇതൊരു ബുദ്ധിമുട്ടായിതോന്നിയേക്കാം. എന്നിരുന്നാലും നാമെല്ലാവരും നമ്മുടെ ജീവിതത്തിൽ ആഗ്രഹിക്കുന്ന സ്ഥായിയായ ശാന്തിയുടേയും സന്തോഷത്തിന്റേയും അനുഭവം ചെയ്യണമെങ്കിൽ വളരെ തെളിവാർന്നതും ക്രിയാത്മകവും ശാന്തവുമായ മനസ്സും, രോഗവിമുക്തമായതും ആരോഗ്യമുള്ള ശരീരവും സന്തുലിതവും സന്തോഷപ്രദവുമായ വ്യക്തിബന്ധങ്ങളും ആവശ്യമാണ്. അപ്പോൾ നാം ഈ ഉത്തരവാദിത്തം ഏറ്റെടുത്തേ മതിയാകൂ. ഇത് സുസംഘടിതമായ ഒരു സമൂഹത്തെ വാർത്തെടുക്കുന്നതിനും സന്തുലിതവും പ്രശാന്തവുമായ ഒരു സാഹചര്യം സൃഷ്ടിക്കുന്നതിനും സഹായകമാകുന്നു. നമ്മുടെ മാനസിക നിലയേയും വ്യക്തി ബന്ധങ്ങളേയും സമൂഹത്തേയും ചുറ്റുപാടിനേയും മാറ്റിയെടുക്കുന്നതിനുള്ള ഉത്തരവാദിത്തം നമേരോരുത്തർക്കുമുണ്ട്. വാസ്തവത്തിൽ ലോകത്തിന്റെ അവസ്ഥയെന്തായിരിക്കണം എന്ന് തീരുമാനിക്കുന്ന സൃഷ്ടാക്കൾ നമ്മളാണ്. സന്തോഷപ്രദവും വിജയകരവുമായ ജീവിതം നാം ആഗ്രഹിക്കുന്നുണ്ടെങ്കിൽ സകാരാത്മകവും സുസ്ഥിരവും ഉത്സാഹപ്രദവുമായ ചിന്താധാരയെ ഉണ്ടാക്കിയെടുക്കേണ്ടത് അത്യന്താപേക്ഷിതമാണ്. നമ്മുടെ ജീവിതയാത്രയെ സന്തോഷപ്രദമാക്കേണ്ടതിന്റെ പരിപൂർണ്ണമായ ഉത്തരവാദിത്തം നമ്മിൽ നിക്ഷിപ്തമാണ്.

ചിന്തകളെ സകാരാത്മകവും ശുദ്ധവും ഉയർന്നതും ആക്കുന്നതിനുള്ള ജ്ഞാനബിന്ദുക്കൾ

1. ഓരോ വ്യക്തിക്കും ഒരു പ്രവൃത്തിയെ സമീപിക്കുന്നതിനുംഅത്ചെയ്യുന്നതിനുംതന്റേതായ ധാരണകളും വഴികളുമുണ്ട്. നമ്മുടെ പ്രവൃത്തിയെ ബാധിക്കുന്ന ഏതൊരു നകാരാത്മക ചിന്തകളിൽ നിന്നും അകന്നിരിക്കുകയെന്നത് നമ്മുടെ ഉത്തരവാദിത്തമാണ്.

2. ഏതെങ്കിലും വ്യക്തികൾക്ക് നമ്മളുമായി സഹകരിച്ച് മുന്നോട്ട് പോകാൻ സാധിക്കുന്നില്ലെങ്കിൽ ഉദാഹരണത്തിലൂടെ അവരെ കാര്യങ്ങൾ ബോദ്ധ്യപ്പെടുത്തി അവരെ സഹകരിപ്പിക്കണം. ആവശ്യമുള്ള സാഹചര്യങ്ങളിൽ വഴങ്ങുന്നതിനും പരിവർത്തനപ്പെടുന്നതിനും സാധ്യമായ തരത്തിൽ നമ്മെ തയ്യാറാക്കി വെയ്ക്കണം.

3. സരളമായ സ്വഭാവം സ്വയത്തേയും മറ്റുള്ളവ

രേയും സരളമാക്കുന്നു. മറ്റുള്ളവരുടെ ആശയങ്ങളെ പരിവർത്തനപ്പെടുത്താതെ തന്നെ അതിനെ ഉൾക്കൊള്ളുക, കഴിയുമെങ്കിൽ അതിനനുസരിച്ച് സ്വയം പൊരുത്തപ്പെടാൻ ശ്രമിക്കുക, സ്വാഭാവികമായ ഒഴുക്കിനൊത്ത് മുന്നോട്ട് പോകുക.

4. ശോഭനമായ ഭാവിയെ ദൃശ്യാവിഷ്കാരം ചെയ്യുക. ഭയം, സംശയം, സങ്കുചിതമായ മനോഭാവം എന്നിവയിൽ നിന്നെല്ലാം ഉൾവലിഞ്ഞ് സ്വന്തം കഴിവിൽ വിശ്വസിക്കുക. നന്മയെ കാണുകയും അതിൽ വിശ്വസിക്കുകയും ചെയ്യുക.

5. എനിക്ക് കഴിയില്ല, അസാദ്ധ്യമാണ്...... എന്നിങ്ങനെയുള്ള പരിധികൾക്ക് സ്ഥാനം നൽകാതെ എനിക്ക് സാധിക്കും, എനിക്ക് ചെയ്യാൻ കഴിയും ആയിത്തീരാൻ കഴിയും....... എന്നിങ്ങനെ സകാരാത്മകമായി ചിന്തിക്കൂ.

6. കഴിഞ്ഞുപോയ കാര്യങ്ങളേയും സാഹചര്യങ്ങളേയും വെച്ചുകൊണ്ട് തന്നെയോ മറ്റുള്ളവരെയോ വേദനിപ്പിക്കുകയോ മുറിവേൽപ്പിക്കുകയോ ചെയ്യരുത്. കഴിഞ്ഞതു കഴിഞ്ഞു.

18

7. സ്വാദ്ധ്യായം വളരെ അത്യന്താപേക്ഷിതമാണ്. ഒരു ദിവസത്തിൽ കുറച്ചുസമയമെങ്കിലും സ്വ ഉന്നതിയ്ക്കായി കണ്ടെത്തണം. നമ്മുടെ ജീവിതത്തിൽ ഒരു നല്ല മാറ്റം കൊണ്ടുവരുന്നതിന് സഹായകമായ സജ്ജനങ്ങളുമായി കൂട്ടുകെട്ടിൽ വരണം.

18

8. സമയം ധനമാണ്, സമയം ജീവിതമാണ്, സമയം അവസരമാണ്, അതുകൊണ്ട് ഓരോ സെക്കന്റിന്റേയും മൂല്യം മനസ്സിലാക്കി അതിനെ യഥാർത്ഥ രീതിയിൽ ഉപയോഗിക്കണം.

9. പരാജയം വിജയത്തിന്റെ ചവിട്ടുപടിയാണെന്ന് പറയാറുണ്ട്. പരാജയം നമ്മെ കൂടുതൽ ആത്മപരിശോധന നടത്തുന്നതിനും പ്രശ്നങ്ങളെ കൂടുതൽ ഗൗരവമായി കാണുന്നതിനും കൂടുതൽ ബുദ്ധിപരമായി കാര്യങ്ങളെ സമീപിക്കുന്നതിനും നമ്മെ സഹായിക്കുന്നു. അതുകൊണ്ട് പരാജയങ്ങളിൽ നിന്നും പാഠം പഠിച്ച് ജീവിതത്തിൽ ഉന്നതിയുണ്ടാക്കണം.

10. നമ്മിലെ മൂല്യങ്ങൾ കൊണ്ട് മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കണം. സ്നേഹത്തിന്റേയും ശാന്തിയുടേയും ശുഭ ഭാവനയുടേയും അനുഭവം ചെയ്യിപ്പിക്കണം. നമ്മിലെ മൂല്യത്തെ മനസ്സിലാക്കുമ്പോൾ അവർ സ്വയത്തിൽ മാറ്റം കൊണ്ടുവരുന്നതിന് തയ്യാറാകുന്നു.

രാജയോഗ ധ്യാനത്തിൽ തുടർച്ചയായ ശാന്തവും സകാരാത്മകവും ശക്തിശാലിയുമായ ചിന്തകൾ നമ്മെ ഈശ്വരനുമായി ബന്ധിപ്പിക്കുന്നു. സ്വയത്തിനെക്കുറിച്ചും, ഈശ്വര സങ്കല്പത്തെക്കുറിച്ചും ഈശ്വരനുമായി അനശ്വരമായ ബന്ധത്തെക്കുറിച്ചുമുള്ള തിരിച്ചറിവ് നമ്മിലെ മനസ്സിന്റെ ക്രിയാത്മകമായ ഊർജ്ജത്തെ ഉദ്ദീപിപ്പിച്ച് ശാരീരികവും മാനസീകവുമായ ഊർജ്ജത്തെ പ്രചോദിപ്പിക്കുന്നു. ഈ പുതിയ ചിന്താധാര ശാരീരികവും മാനസീകവും സാമൂഹികവും ആത്മീയവുമായ ഏകതാനതയെ ഉണ്ടാക്കി ജീവിതത്തെ സദാ ശാന്തവും സന്തോഷകരമാക്കി വെയ്ക്കുന്നതിനു സഹായിക്കുന്നു.

**Brahma Kumaris® “Peace of Mind” Global Channel - Info-Edutainment News Channel. No Advertisement..**

PEACE OF MIND
CHANNEL

**"Peace of Mind" Channel**
**FRQ: 4054, POL: H, SYM: 13230, INSAT: 4A**
**Request Cable Operators today**
**"C" Band with Mpeg4 Receiver can see FREE LIVE**
**http://pmtv.in, pmtv@bkmail.org**
**SMS to 56161 bktv (Your MSG), +91 9960588432, 8104777111**

# ചില ശിവരാത്രി ചിന്തകൾ

സുഭാഷ്, മൗണ്ട് ആബു



ഒരിക്കൽ ദുർവാസാവ് മഹർഷി ഇന്ദ്രന് ഒരു പൂമാല കൊടുത്തു. അത് ഐരാവതത്തിന്റെ തലയിൽ വെച്ചതോടെ ഇന്ദ്രന് കഷ്ടകാലം ആരംഭിച്ചു. പൂവിലെ തേനും സുഗന്ധവും കാരണം തേനീച്ചകൾ ആകർഷിച്ച് ഐരാവതത്തെ ശല്യം ചെയ്തു തുടങ്ങിയപ്പോൾ ആന മാല തറയിലിട്ടു ചതച്ചരച്ചു. ദുർവാസാവിന് കോപമായി. അതിന്റെ ഫലമായി ദേവതകൾക്ക് ജരാനരകൾ എന്ന ചുമക്കാൻ പ്രയാസമുള്ള സമ്പത്തും കിട്ടി. ശാപമുക്തിക്കായ് പ്രാർത്ഥിച്ചതിന്റെ ഫലമായി അവർക്ക് മുനി അമൃത് എന്ന ഉപായം പറഞ്ഞു കൊടുത്തു. ശത്രുക്കളായ അസുരന്മാരോട് പോലും കൂട്ടുപിടിച്ച് ദേവന്മാർ പാലാഴി കടയുകയും ഉച്ചൈശ്രവസ്സ്, ദേവദാരു, ലക്ഷ്മി മുതലായ പാലാഴിയുടെ നിധികൾ മത്സരിച്ച് കൈക്കലാക്കുകയും ചെയ്തു.

എന്നാൽ കാലഹലം അതായത് കാളകൂടം എന്ന വിഷത്തെ മന്ദരപർവതത്തെ കടയാക്കി സ്വയം കയറായി ദേവാസുരന്മാരുടെ പിടിവലികൽക്കിടയിൽ നിന്ന് ഞെളിപിരികൊണ്ട് വാസുകിയെന്ന ഉഗ്രസർപ്പം ഛർദ്ദിച്ചപ്പോൾ ദേവന്മാർക്ക് മുന്നിൽ ജരാനര എന്ന പ്രശ്നത്തിന് പകരം പ്രാണഭയം എന്ന വലിയ പ്രശ്നം ഉടലെടുത്ത പരിഹാരത്തിന് വിഷ്ണുവിനും ബ്രഹ്മാവിനും കഴിഞ്ഞില്ല. മററു ദേവതകൾക്കും അതിന് കഴിവില്ല. അവസാനം മംഗളകാരി എന്ന നാമത്തിന് ഉടമയായ ശിവനിൽ എല്ലാവരും അഭയം പ്രാപിച്ചു. ശിവൻ ലോകരക്ഷാർത്ഥം കാളകൂടവിഷത്തെ പാനം ചെയ്തു. പത്നിയായ പാർവതി ഈ കാഴ്ച കണ്ട് ഭയന്ന് ശിവന്റെ കഴുത്തിൽ പിടിച്ചു. വിശ്വപാലനത്തിന്റെ സീററിലിരിക്കുന്ന വിഷ്ണുവും വിട്ടില്ല. ശിവന്റെ വായ തന്നെ വിഷ്ണു മൂടിക്കളഞ്ഞു. വിഷമെങ്ങാനും ശിവൻ തുപ്പിയാൽ കഴിഞ്ഞില്ലേ, ഈ ലോകം തന്നെ ചാമ്പലായി പോകില്ലേ. അങ്ങനെ വിഷം ശിവന്റെ കഴുത്തിലൊരു മുഴയായി രൂപാന്തരപ്പെട്ടു. ആ വിഷത്തിൽ നിന്ന് ശിവന് മുക്തിയുണ്ടാവനത്രേ ഒരു രാത്രി ഉറക്കമിളച്ചത്. ഇതാണ് ശിവരാത്രിക്ക് പിന്നിൽ പൂർവികർ നമുക്ക് പറഞ്ഞു തന്ന ഒന്നാം കഥ.

ശിവൻ എന്ന വാക്കിനർത്ഥം മംഗളകാരിയെന്നും ശവമാകാത്തവനെന്നും ശരീരമില്ലാത്തവനെന്നും ആണ്. ഈ ശരീരമില്ലാത്ത ശിവൻ എങ്ങനെയാണ് വിഷം പാനം ചെയ്യുന്നത്? ജനനമരണങ്ങളിൽ നിന്ന് മുക്തനായ ആ പരമാത്മാവിന്റെ കഴുത്തിൽ പാർവതി കയറിപിടിച്ചതെങ്ങനെ? എന്നൊക്കെയുള്ള സ്വാഭാവികമായ ചോദ്യങ്ങൾ നിങ്ങൾക്കിടയിൽ ആർക്കെങ്കിലും ഉണ്ടായാൽ അതിൽ അതിശയോക്തിക്ക് ഇടമില്ല. കാരണം വേദത്തിന്റെ അന്ത്യം തേടിപ്പോയ വേദാന്തികളുടെ നാട്ടിലാണ് നമ്മളും ജനിച്ചത്. ദ്വൈതവും അദ്വൈതവും വിശിഷ്ടദ്വൈതവും ഇവിടെ സ്ഥാനം പിടിച്ചപ്പോഴും തന്റെ ഗതികൾ സ്ഥിരീകരിക്കുവാനും വാദിക്കുവാനും സ്വാതന്ത്ര്യം അനുവദിച്ചു കൊടുത്തിട്ടുള്ള സഹിഷ്ണതയുടെ കൊടി പറക്കുന്ന ഭാരതം പോലുള്ള ഒരു രാഷ്ട്രത്തിന്റെ ചിന്തിക്കുന്ന പൗരാവലിയിൽ പെടുന്നവരാണ് നാം ഓരോരുത്തരും.

നമുക്ക് നമ്മളെ ഒന്ന് കടയുന്നതായി ഒന്ന് സങ്കല്പിക്കുക. മനസ്സാകുന്ന മന്ദരത്തെ ബുദ്ധിയാകുന്ന വാസുകിയെ കൊണ്ട് കടയുമ്പോൾ നമ്മളിൽ നിന്ന് ഒരുപാട് നന്മകൾ പുറത്ത് വരും. ഉച്ചൈശ്രവസ്സ് പോലുള്ളവ, ലക്ഷ്മി പോലുള്ളവ. അതൊക്കെ എടുക്കാൻ നമ്മുടെ ബന്ധുക്കൾ കാണും. സുഹൃത്തുക്കൾ കാണും, ഒപ്പം പുറത്തേക്ക് വരുന്ന ചീത്ത സംസ്കാരങ്ങളെ ആരെങ്കിലും എടുക്കുമോ? ചോദിക്കുക - നിങ്ങൾ നിങ്ങളുടെ ബന്ധുക്കളോട്, സുഹൃത്തുക്കളോട്.

പണ്ട് ഇതേ ചോദ്യം ഒരു കാട്ടാളൻ ഭാര്യയോട്

# ഭഗവത് സാന്നിദ്ധ്യം

ബി.കെ. ശോഭാദേവി, തിരുവനന്തപുരം

ആറ്റുനോറ്റിരുന്നാ നിമിഷം വന്നണഞ്ഞു
കൺകുളിർക്കെ കണ്ടു ഞാനെൻ അച്ഛനെ-അമ്മയെ
ചോദിക്കാൻ ഓർത്തോർത്തിരുന്നതൊന്നുമേ ഓർത്തില്ല
മനസ്സിൽ നാനാഭാവങ്ങളിൻ മേളമാത്രം

സ്നേഹമോ സന്തോഷ-സന്താപ സമ്മിശ്രമോ
മനസ്സിൻ വിങ്ങലോ പഞ്ഞിപോൽ ലാഘവമോ
എന്താണ് ചൊല്ലേണ്ടതെന്നറിയില്ല
അവർണ്ണനീയം അനിർവചനീയം അമാനുഷികം

ആ നോട്ടമെൻ മനസ്സിനെ തട്ടിയുണർത്തി
നിശ്ശബ്ദതയിൻ ശബ്ദം കേട്ടെൻ കർണ്ണം കുളിർത്തു
പാൽപുഞ്ചിരിയിലെൻ ഹൃദയം തണുത്തു
രാജകീയമാം ചലനത്തിലെൻ ഭാവി ദർശിച്ചു

കാണെക്കാണേ എൻ കണ്ണുകൾ നിറഞ്ഞൊഴുകി
ഗദ്ഗദം കൊണ്ട് വിങ്ങി വിതുമ്പി
സ്നേഹം സ്നേഹലയനം മുങ്ങിപ്പൊങ്ങിയതിൽ
അതേ നിമിഷം വിഹായസ്സിൽ പറന്നുപൊങ്ങി

സന്തോഷത്തിൻ അശ്രുധാര കെട്ടടങ്ങിയപ്പോൾ
ആ നാദബ്രഹ്മത്തിലെത്തിപ്പെട്ട നേരം
സമയം അതിന്നൊഴുക്കിൻ അനർഗ്ഗളത കാട്ടിയപ്പോൾ
അവർക്കുള്ള മടക്കയാത്രയ്ക്ക് മുഹൂർത്തമായ്

ചോദിച്ചതിന്റെ ഫലമാണ് രാമായണം എന്ന ഇതിഹാസം. ആരും എടുക്കാൻ മടിക്കുന്ന കാലഹല വിഷസമാനമായ അവഗുണങ്ങളെയും ചീത്ത സംസ്കാരങ്ങളെയും എടുക്കാൻ പ്രാപ്തിയുള്ള ഒരേയൊരു ഈശ്വരനെയേ പുരാണങ്ങൾ ചൂണ്ടികാണിക്കുന്നുള്ളൂ. അത് ദേവാധിദേവനായ ഓംകാര പൊരുളായ ത്രിമൂർത്തി രചയിതാവായ പരംപിതാ ശിവപരമാത്മാവാണ്. വിശ്വം പോലും നശിപ്പിക്കാൻ കഴിവുള്ള ചീത്ത സംസ്കാരങ്ങളെയും പാപങ്ങളെയും തിരിച്ചെടുക്കില്ല എന്ന പ്രതിജ്ഞയോട് കൂടി പരമേശ്വരനിൽ അർപ്പിക്കുക, ഒപ്പം ഉറങ്ങാതിരിക്കുക. ശിവരാത്രിയെന്ന് അടയാളം ചെയ്ത കലണ്ടറിലെ ഒരു ദിവസത്തെ പകുതിക്ക് ശേഷം കടന്ന് വരുന്ന രാത്രിയല്ല, മറിച്ച് കലിയുഗത്തിന്റെ അന്ധകാരം നിറഞ്ഞ രാപ്പകലുകളെ മുഴുവൻ രാത്രിയായിട്ടാണ് ഋഷി-മുനിമാർ കാട്ടിത്തന്നത്.

അകക്കണ്ണ് തുറക്കുക, ആത്മനേത്രം തുറക്കുക. അതടയാതിരിക്കാൻ ആത്മജ്ഞാനത്തിന്റെ പ്രകാശകിരണങ്ങൾ തന്നിൽ നിറക്കുക. നമുക്ക് ഈ അന്ധകാരത്തിൽ നിന്നും പുറത്തേക്ക് വരാൻ സാധിക്കും. ജ്ഞാനഗംഗകളായി ബ്രഹ്മകുമാരിമാർ നിങ്ങൾക്ക് ആത്മജ്ഞാനവും പരമാത്മജ്ഞാനവും പകർന്ന് തരും. അങ്ങനെ ശിവരാത്രിയെന്ന പാപസംഹാരരാത്രി ശുഭമായി ഭവിക്കട്ടെ.

## ചിന്തകളെ സൂക്ഷ്മമായി നിരീക്ഷിക്കുവിൻ

ബി. കെ. രാജേഷ് മോഹൻ, ആലപ്പുഴ

ക്ഷീണം, ഭയം, കോപം, വെറുപ്പ് മുതലായവയെല്ലാം നമ്മിൽ നിന്നുതന്നെയുണ്ടാകുന്നവയാണ്. നമ്മുടെ ചിന്തകളിൽ നിന്നുതന്നെയാണ് ഇപ്പറഞ്ഞ അവസ്ഥകളെല്ലാം ഉണ്ടാകുന്നത്. എന്താണ് 'ചിന്ത'?

അലോചിച്ചുനോക്കൂ, ചുണ്ട് ചലിക്കാതെ, നാവ് ചലിക്കാതെ നമ്മുടെ ഉള്ളിൽ നിന്നും വരുന്ന വാക്കുകളെ വിഹരിക്കുവാൻ അനുവദിക്കുമ്പോൾ അത് ചിന്തകളായിത്തീരുന്നു. വാക്കുകളും വാചകങ്ങളും ഇല്ലാതെ നമുക്ക് ചിന്തിക്കാൻ കഴിയില്ല. ഒരാൾ ഒരു കട തുടങ്ങുന്നു. കച്ചവടം നഷ്ടത്തിലാകുന്നു. ഉടൻ അയാൾ സങ്കടപ്പെടുകയായി, 'എനിക്ക് കച്ചവടം ചെയ്യാനറിയില്ല, കച്ചവടത്തിലെ കള്ളക്കളികളൊന്നും എനിക്കു വശമില്ല'. ഈ സങ്കടത്തിനിടയിൽ സ്വയം നിന്ദിച്ചുകൊണ്ടയാൾ ഉള്ളിൽ പറയുന്ന ഈ വാക്കുകൾ തന്നെ അയാളുടെ ആത്മവിശ്വാസം നഷ്ടപ്പെടുത്തും.

അതേ കച്ചവടക്കാരൻ 'വ്യാപാരത്തിൽ ലാഭവും നഷ്ടവും സ്വാഭാവികമാണ്' എന്ന് സ്വയം ആശ്വസിച്ചാൽ അയാളുപയോഗിച്ച വാക്കുകൾ തന്നെ അയാളുടെ ഉത്സാഹം നഷ്ടപ്പെടാതെ കാത്തുരക്ഷിക്കും.

രണ്ടാം ലോകമഹായുദ്ധ സമയത്തു നടന്ന ഒരു സംഭവം പറയാം.

തങ്ങൾ തടവിലാക്കിയ ജൂതന്മാരെ ജർമ്മൻകാർ പലവിധത്തിലും പീഡിപ്പിച്ചു. അതിൽ ഒരു രീതിയുണ്ടായിരുന്നു:

'നിങ്ങളെ പുതിയൊരു രീതിയിൽ കൊല്ലാൻ പോകുന്നു. ശരീരത്തിലെ രക്തം മുഴുവനും വാർന്നുപോയാൽ നിങ്ങൾ പിടഞ്ഞ് ചാകുന്നതെങ്ങനെയായിരിക്കും? ഇതാണിവിടെ പരീക്ഷിക്കാൻ പോകുന്നത്'. ഇതു പറഞ്ഞ് രണ്ട് തടവുകാരെ തടിയിൽ കിടത്തി രക്തം വാർത്ത് കളയുവാൻ തുടങ്ങി. തടവുകാരുടെ ശരീരത്തിൽ നിന്നും ടപ്, ടപ് എന്ന ശബ്ദത്തോടെ കുപ്പികളിൽ രക്തം വീണുകൊണ്ടിരുന്നു. കുറച്ചുകഴിഞ്ഞപ്പോൾ ഭടന്മാർ ആ രണ്ടുപേരുടേയും കണ്ണുകൾ കറുത്ത തുണികൊണ്ട് മൂടിക്കെട്ടി. ഒരാളുടെ ശരീരത്തിൽ നിന്നും രക്തം വാർക്കുന്നത് നിർത്തിവെച്ചു. കുപ്പിയിൽ രക്തം വീഴുമ്പോഴുള്ള ശബ്ദം കേട്ടുകൊണ്ടിക്കാനൊരു സൂത്രം ചെയ്തുവെച്ചു. ഈ ശബ്ദം കേട്ട് കേട്ട് ഭയം കൊണ്ടുതന്നെ ആ തടവുകാരൻ 'അയ്യോ രക്തം മുഴുവൻ വാർന്നൊഴുകി ചാകാൻ പോവുകയാണല്ലോ' എന്നോർത്ത് നടുങ്ങി. ഈ പരീക്ഷയുടെ ഒടുവിൽ രക്തം മുഴുവനും വാർന്നുപോയ തടവുകാരനും രക്തം പോകുന്നു എന്ന് ഭയന്ന് വിറച്ച തടവുകാരനും മരിച്ചു. രണ്ടാമത്തെ തടവുകാരന്റെ മിഥ്യാഭ്രമമായിരുന്നു രക്തം വാർന്നു പോകുന്നു എന്ന തോന്നൽ. അയാളുടെ മരണ കാരണം ആ ചിന്തയും, ആ ചിന്തയ്ക്ക് കാരണം അയാൾ തെരെഞ്ഞെടുത്ത വാക്കുകളുമാണ്.

ഇതിൽ നിന്നും നാം മനസ്സിലാക്കേണ്ട കാര്യം വളരെ ലളിതമാണ്.
'ബോറടിച്ചിട്ടു വയ്യ'
'വല്ലാത്ത ക്ഷീണം തോന്നുന്നു'
'ശരീരത്തിനു തീരെ സുഖമില്ല'
'ശനിയൻ! ഇവനൊരു കുട്ടിയാണോ,
പിശാചാ പിശാച്'
ഇത്തരം റെഡിമെയ്ഡ് വാക്കുകൾ ഒരിക്കലും ഉപയോഗിക്കരുത്, സംഭാഷണത്തിൽ മാത്രമല്ല ചിന്തയിലും വിചാരത്തിലും അരുത്.

ഇപ്പറഞ്ഞ പദങ്ങളെല്ലാം തന്നെ "languaging' എന്ന ഒറ്റവാക്കിലൊതുക്കാം. നല്ലതോ മോശമോ ആകട്ടെ, നിങ്ങളുടെ ചിന്തകളെ ഒറ്റയടിക്ക് നിയന്ത്രിക്കേണ്ടതിന്റെ കാര്യമില്ല. ചിന്തകൾ അവയുടെ പാട്ടിന് പോകട്ടെ, എങ്ങിനെയുള്ള വാക്കുകൾകൊണ്ടാണ് ചിന്തിക്കുന്നത് എന്ന് സൂക്ഷ്മമായ നിരീക്ഷണം ആവശ്യമാണ്. അതായത് നിങ്ങൾ നിങ്ങളുടെ ചിന്തകളെ ശ്രദ്ധിക്കൂ. വേറൊരാളായി മാറിനിന്നുകൊണ്ട് നിരീക്ഷിക്കൂ. ഒരു കണക്കിൽ ധ്യാനത്തിനുള്ള അടിസ്ഥാന യോഗ്യതയും ഇതാണ്. വീണ്ടും വീണ്ടും ഇങ്ങനെ അഭ്യസിച്ച് നിങ്ങളെ തളർത്തുന്ന നിഷേധാത്മക (നെഗറ്റീവ്) വാക്കുകളിൽ നിന്നും മോചനം നേടിയാൽ മാത്രമേ ഉത്സാഹകരമായ വിചാരങ്ങൾ നിങ്ങളിൽ രൂപപ്പെടുകയുള്ളൂ. നമുക്ക് നമ്മെത്തന്നെ നിയന്ത്രിക്കാൻ പരിശ്രമിക്കാം. എന്നാൽ മറ്റുള്ളവർ നമ്മെ ക്ഷോഭിപ്പിക്കുന്ന വാക്കുകൾ പറഞ്ഞാലെന്തു ചെയ്യും? പറയാം.......



# മുടിയനായ പുത്രൻ

രവീന്ദ്രൻ പുത്തൂർ, തിരുവനന്തപുരം

വിശുദ്ധ ബൈബിളിൽ മുടിയനായ പുത്രന്റെ ഒരു കഥ പ്രതിപാദിക്കുന്നുണ്ട്. വളരെ അവിചാരിതമായിട്ടാണ് ഞാനത് കേൾക്കാനിടയായത്. ഒരിക്കൽ ഒരു ഓണനാളിൽ നഗരത്തിലെ തിരക്കുള്ള വീഥിയിലെ ഒരു ഭാഗത്തു വച്ചാണ് സുവിശേഷ പ്രസംഗ സംഘത്തിലെ ഒരു പെൺകുട്ടി ഈ കഥ പറയുന്നത്. പെൺകുട്ടി ഇന്ത്യാക്കാരിയല്ലെന്നു തോന്നുമായിരുന്നു. ആഫ്രിക്കയിലോ മറ്റോ ആകാനാണ് സാദ്ധ്യത. നിറവും, രൂപവും അത്തരത്തിലാണ് കാണപ്പെട്ടത്. ചുരുണ്ട്, സ്പ്രിംഗ് പോലുള്ള മുടിയും, കറുത്ത നിറവും അതാണ് സൂചിപ്പിക്കുന്നത്. സാമാന്യം നല്ല ആൾക്കൂട്ടം അവിടെയുണ്ടായിരുന്നു. വളരെ ഉത്സാഹത്തോടെയും, വർദ്ധിച്ച ആവേശത്തോടെയും ആ പെൺകുട്ടി ഇംഗ്ലീഷ് ഭാഷയിൽ, വികാരഭരിതമായി, സദസ്സിനേയും, തന്നേയും മറന്ന്, ദൈവനാമത്തിൽ വളരെ ഉച്ചത്തിൽ വിളിച്ചു പറയുകയാണ്. അത് മലയാളത്തിൽ പരിഭാഷപ്പെടുത്താൻ വികാരരഹിതനായ മറ്റൊരാളും ഉണ്ടായിരുന്നു. സാധാരണ ഇത്തരം പ്രസംഗങ്ങൾ ഞാനത്ര ശ്രദ്ധിക്കുമായിരുന്നില്ല. എന്നാൽ ഇത്തവണ അങ്ങനെയായിരുന്നില്ല. എന്തോ ഒരു പ്രത്യേകത ആ പെൺകുട്ടിക്കും അവരുടെ വാക്കുകൾക്കും ഉണ്ടായിരുന്നു. പിതൃസ്നേഹത്തിന്റെ ഹൃദയസ്പർശിയായ ഒരു സന്ദർഭം, ആ കുട്ടി അവിടെ വരച്ചു കാട്ടുകയുണ്ടായി. അതോടൊപ്പം ദൈവസ്നേഹത്തിന്റെ അപാരതയും അവിടെ വിവരിക്കുകയായിരുന്നു.

ഒരിക്കൽ ഒരു ഗ്രാമത്തിൽ മുടിയനായ ഒരു പുത്രനുണ്ടായിരുന്നു. അനുസരണ അശേഷം ഇല്ലാതെയും, എല്ലാവരേയും ദ്രോഹിച്ചും, കട്ടും, മുടിച്ചും നടക്കുന്ന താന്തോന്നിയായ ഒരു പുത്രൻ. വീട്ടിലും, നാട്ടിലും ഒരുപോലെ ഉപദ്രവിയായ അവനെ, ഉപദേശിച്ചും, ശിക്ഷിച്ചും നന്നാക്കുവാനായിരുന്നില്ല. ദിനംപ്രതി അവന്റെ കുറ്റകൃത്യങ്ങളും, പാപപ്രവൃത്തികളും വർദ്ധിച്ചുകൊണ്ടേയിരുന്നു. ഇതു കണ്ട് മനമുരുകി ദൈവത്തോടു പ്രാർത്ഥിക്കുക മാത്രമേ അവന്റെ പാവം അച്ഛന് കഴിയുമായിരുന്നുള്ളൂ. എങ്ങനെയും തന്റെ മകനെ രക്ഷപ്പെടുത്തണം, അവനെ ദയാലുവും, മനുഷ്യസ്നേഹിയുമാക്കി മാറ്റണം. അതിനായി ആ അച്ഛൻ ദൈവത്തോട് പ്രാർത്ഥിച്ചുകൊണ്ടേയിരുന്നു. അവനില്ലാതെ, അവനെ കൂടാതെ, തനിക്കു ജീവിക്കാനാവില്ല. തന്റെ ഏക ആശ്രയമാണവൻ. ഇങ്ങനെയെല്ലാം ആ പിതാവ് ദൈവത്തോടു കേണു പറഞ്ഞുകൊണ്ടിരുന്നു. എന്നാൽ അപ്രതീക്ഷിതമായിട്ടാണ് ഒരുനാൾ അവൻ ആ നാടുവിട്ടുപോയത്. ദൂരെ ദൂരെ ഒരു നാട്ടിൽ അവൻ എത്തിപ്പെട്ടു. ഇതിനിടെ വളരെ നാളത്തെ അലച്ചിലും അനുഭവങ്ങളും അവനെ മറ്റൊരു മനുഷ്യനാക്കി മാറ്റുകയാണുണ്ടായത്. അവനിൽ കുറ്റബോധത്തിന്റെ ഒരഗ്നിപർവ്വതം തന്നെപൊട്ടുകയുണ്ടായി. പശ്ചാത്താപത്തിന്റെ തീക്കനൽ അവന്റെയുള്ളിൽ കാട്ടുതീയായി പടർന്നു കയറി. പാപപ്രവർത്തികളുടെ കൂമ്പാരം ഘോര സർപ്പങ്ങളായി അവനെ പിൻതുടർന്നുകൊണ്ടേയിരുന്നു. എങ്ങനെയും തന്റെ അച്ഛനോടും നാട്ടുകാരോടും മാപ്പു പറയണം. താനിനി ഒരു തെറ്റും ചെയ്യില്ലായെന്ന് എല്ലാവരോടുമായി ഉറക്കെ പറയണം. ഈവിധം ചിന്തിച്ച് അവൻ തന്റെ നിദ്രാവിഹീനമായ രാത്രികൾ കഴിച്ചു കൂട്ടി. ഒടുവിലാണ് അവൻ ഇങ്ങനെയൊരു തീരുമാനത്തിലെത്തിച്ചേർന്നത്. നാട്ടിലേക്ക് മടങ്ങിപ്പോവുക തന്നെ. പക്ഷേ അതത്ര എളുപ്പമാണോ! തന്നെ തന്റെ അച്ഛനും, നാട്ടുകാരും സ്വീകരിക്കുമോ? അത്രയും കടുത്ത ദ്രോഹമല്ലേ ഞാൻ അവരോട് കാട്ടിയിട്ടുള്ളത്. ഇതെല്ലാമോർത്ത് അവൻ പിന്നെയും നിരാശനായി. എങ്കിലും ഇങ്ങനെയൊരു തീരുമാനം പിന്നീട് എടുക്കുകയാണുണ്ടായത്. എന്നെ എന്റച്ഛൻ സ്വീകരിക്കുമോ, എന്റെ തെറ്റുകൾ പൊറുക്കുമോ എന്നു ബോധ്യപ്പെടുത്തുന്ന ഒരു കത്ത് തന്റെ

ശേഷം 16 പേജിൽ



# വിശ്വപരിവർത്തനത്തിന്റെ ചുവടുകൾ

ബി.കെ അനില, തിരുവനന്തപുരം

മാറ്റങ്ങൾ ജീവിതത്തിൽ പകർന്നു നൽകുന്ന അനുഭവങ്ങൾ വ്യത്യസ്ഥങ്ങളാണ്. വ്യക്തി, കുടുംബം, സമൂഹം, ദേശം, കാലം, വിശ്വം – എല്ലാം മാറ്റങ്ങൾക്ക് വിധേയമാണ്. ശുഭവും മംഗളകര വുമായ മാറ്റങ്ങളാണ് നാമെല്ലാം ആഗ്രഹിക്കുന്നത്. എന്നാൽ മാറ്റങ്ങൾ എപ്പോഴും അങ്ങനെയാകണ മെന്നില്ല. അവ അനുകൂലവും പ്രതികൂലവുമാകാം. ഇന്നത്തെ ലോകത്തിന്റെ മാറ്റത്തിന്റെ ദിശ അവലോകനം ചെയ്യുകയാണെങ്കിൽ അധഃപതന ങ്ങളുടെ ഭാഗത്തേയ്ക്കാണ് അവയുടെ ഗതിയെന്ന് നമുക്ക് മനസ്സിലാക്കുവാൻ കഴിയും. വിശ്വത്തെ നാം സ്നേഹിക്കുന്നുവെങ്കിൽ, ലോകത്തിന്റെ നന്മയി ലേയ്ക്കുള്ള പരിവർത്തനത്തിൽ നിന്നും നമുക്ക് മാറി നിൽക്കാനാകില്ല.

വിശ്വപരിവർത്തനം എന്ന മഹത്തായ കാര്യത്തിൽ പങ്കുചേരുവാൻ നമ്മൾ എന്ത് ചെയ്യണം? ആദ്യ മായി, നാമോരോരുത്തരും ഈ ഉത്തരവാദിത്വം ഏറ്റെടുക്കുകയും ആ ലക്ഷ്യത്തെ ആധാരമാക്കി ചുവടുകൾ വയ്ക്കുകയും വേണം. നമ്മുടെ കഴിവു കൾ അതിനായി ഉപയോഗപ്പെടുത്തണം. വിശേഷത കൾ എല്ലാവരിലുമുണ്ട്. ചിലർ കർമ്മരംഗത്ത് സമർത്ഥരായിരിക്കും. ചിലർ ഗുണമൂർത്തികളാ യിരിക്കും. ചിലരാകട്ടെ പദ്ധതികൾ തയ്യാറാക്കുന്ന തിലായിരിക്കും സമർത്ഥർ. ചിലർ സേവനയോഗ്യ രായിരിക്കും. ചിലർ വിവേകശാലികളും സഫലതാ മൂർത്തികളുമായിരിക്കും. ചിലർ മറ്റുള്ളവരെ നയി ക്കുന്നതിൽ സമർത്ഥരായിരിക്കും. ബുദ്ധിബലം കൊണ്ട് ഭൂത–ഭാവി–വർത്തമാനങ്ങളെ മുന്നിൽ കണ്ട്, ആത്മീയ ശക്തിയും ശ്രേഷ്ഠ കർമ്മവും ഒരുമിപ്പിച്ചു കൊണ്ട് മറ്റുള്ളവരെ നയിക്കുവാൻ അവർക്ക് കഴിയുന്നു.

എന്നാൽ പലപ്പോഴും കടുത്ത പരീക്ഷണങ്ങൾ ഇതിന് ഒരു വെല്ലുവിളിയാകുന്നു. ഈ കാര്യത്തിൽ നിന്നും നമ്മളെ വ്യതിചലിപ്പിക്കുവാൻ അവ ശ്രമിക്കും. എന്നാൽ കർത്തവ്യബോധത്താൽ ശ്രേഷ്ഠസ്ഥിതിയെ ഉണർത്തുകയും അത് നില നിർത്തുകയും ചെയ്യുവാൻ നമുക്ക് കഴിയണം. നിസ്വാർത്ഥ ഭാവനയും, പരസ്പര സ്നേഹവും, സൗഹാർദ്ദവും, സഹാനുഭൂതിയും പ്രകൃതിയോ ടുള്ള സ്നേഹവുമെല്ലാം മറ്റുള്ളവരിൽ ഉണർത്തു വാൻ നമുക്ക് കഴിയണം. അപ്പോൾ ഇതിൽ നമ്മൾ സഫലതാമൂർത്തികളാകും. മഹത്തരമായ കാര്യ ങ്ങൾക്കുവേണ്ടി ജീവിതം അർപ്പിച്ച അനേകം മഹാത്മാക്കളെ ചരിത്രം നമ്മെ ഓർമ്മിപ്പിക്കുന്നു. സ്വരാജ്യം വീണ്ടെടുക്കുന്നതിന് മഹാത്മാഗാന്ധി യുടെ ത്യാഗപൂർണ്ണമായ ജീവിതം ഇതിന് ഒരു ഉദാഹരണമാണ്. ഗാന്ധിജി ഗ്രാമങ്ങൾ തോറും സഞ്ചരിച്ച് പാവപ്പെട്ട ഗ്രാമീണരുടെ ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കുന്നതിൽ നിതാന്തപരിശ്രമം ചെയ്തു. മറ്റുള്ളവരുടെ ഉദ്ധാരമൂർത്തിയായി. ആ മഹാത്മാവിന്റെ ത്യാഗവും അർപ്പണഭാവവും അനേകരുടെ സ്നേഹത്തിനും സഹയോഗത്തിനും ആശീർവ്വാദങ്ങൾക്കും പാത്രമാക്കി. അത് സ്വതന്ത്രഭാരതമെന്ന സ്വപ്നസാക്ഷാത്കാരത്തിന് വലിയ രീതിയിൽ സഹായകമായി. ഉത്തര വാദിത്വം ഒരു കിരീടമാണ്. ഞാൻ സേവാധാരി യാണെന്ന ഭാവന ഒരു സിംഹാസനമാണ്. ആ കിരീടമണിഞ്ഞ്, സിംഹാസനത്തിലിരുന്ന് കർമ്മങ്ങൾ ചെയ്യുന്ന കർമ്മയോഗികളാകണം നമ്മളും. അപ്പോൾ നമ്മുടെ സേവനവും ത്യാഗവും സ്നേഹവും മറ്റുള്ളവർക്കും പ്രേരണാദായക മാകുന്നു, മറ്റുള്ളവരെയും കർമ്മയോഗികളാക്കുന്നു. അങ്ങനെ നന്മകൾ നിറഞ്ഞൊരു വിശ്വം എന്ന സ്വപ്നം യാഥാർത്ഥ്യമാകുന്നു.

# മൂല്യാധിഷ്ഠിത സമാജം

ജനാർദ്ദന ഉണ്ണിത്താൻ, മാവേലിക്കര

ഇന്ന് എല്ലാവരും ആഗ്രഹിച്ചുപോകുന്നത് മൂല്യാധിഷ്ടിതമായ ഒരു കുടുംബവും സമാജവും ലോകവുമാണ്. വായനയിലൂടെയും ചിന്തകളിലൂടെയും പലരും ഇതിനു ശ്രമിക്കാറുണ്ട്. കാരണം ഇന്ന് ജീവിതത്തിന്റെ എല്ലാ തുറകളിലും മൂല്യച്യുതി സംഭവിച്ചുകൊണ്ടിരിക്കുന്നു. അതുകാരണം ജീവിതം തന്നെ ഭയഗ്രസ്തവും ആകാംക്ഷ നിറഞ്ഞതുമായി. മനുഷ്യരാശിയുടെ നിലനില്പിന് തന്നെ മൂല്യങ്ങൾ അത്യാവശ്യമാണ്. ഭാരതീയരെ സംബന്ധിച്ച് മൂല്യങ്ങളെ സ്വായത്തമാക്കുക അത്ര കഠിനമല്ല. കാരണം മൂല്യാധിഷ്ഠിത ജീവിതം നമ്മുടെ പൗരാണിക കാലം മുതലുള്ള സ്വത്താണ്. സത്യയുഗം മുതൽ നാം ഈ മൂല്യങ്ങളെ കാത്തവരാണ്. ഏതാണ്ട് 18-ാം നൂറ്റാണ്ട് വരെയും നാം അതിനെ നിലനിർത്തിയവരാണ്. സത്യം, ദയ, ക്ഷമ, കരുണ, ഉദാരത, സ്നേഹം, ധൈര്യം, പരസ്പര വിശ്വാസം മുതലായ മൂല്യങ്ങൾ നമ്മുടെ ജീവിതത്തിൽ സ്വതസിദ്ധമായി നിലനിന്നിരുന്നു. അതിന് ചരിത്ര താളുകളിലൂടെ ഒന്നു കണ്ണോടിച്ചാൽ മതി. 1835 ഫെബ്രുവരി 2-ാം തീയതി ബ്രിട്ടീഷ്കാരനായ മെക്കോള പ്രഭു അവരുടെ പാർലമെന്റിൽ ഒരു പ്രസ്താവന നടത്തി അതിൽ പറയുന്നു. ഞാൻ ഭാരതത്തിൽ തലങ്ങും വിലങ്ങും സഞ്ചരിച്ചു, ധാരാളം പേരെ കണ്ടു, അവിടെ എനിയ്ക്ക് കാണാൻ കഴിഞ്ഞത് അവിടുത്തെ ജനത ആദ്ധ്യാത്മികതയിൽ ആധാരമായ മൂല്യാധിഷ്ഠിത ജീവിതം നയിക്കുന്നവരാണ്. അവിടെ എനിയ്ക്കൊരു യാചകനെയൊ തസ്കരനെയൊ കാണാൻ കഴിഞ്ഞില്ല. ഈ സാഹചര്യത്തിൽ അവരെ കീഴടക്കുക അസാദ്ധ്യമാണ്, അവരുടെ മൂല്യാധിഷ്ഠിത വിദ്യാഭ്യാസപദ്ധതി വളരെ മഹത്തരമാണ് അവരെ കീഴ്പെടുത്താനുള്ള ഒരേ ഒരു മാർഗ്ഗം അവരുടെ വിദ്യാഭ്യാസ പദ്ധതിയിൽ കടന്നു കയറി അതിൽ മായം കലർത്തലാണ്. അവരുടെ മൂല്യങ്ങളെ വീഴ്ത്തിയാൽ നമുക്കവരെ അധീനമാക്കാൻ കഴിയും. അങ്ങനെയുള്ള ദീർഘകാലത്തെ കുടില തന്ത്രങ്ങളിലൂടെയാണ് വിദേശികൾ നമ്മെ കീഴ്പെടുത്തിയത്.

ഇപ്പോൾ ഒരു ആദ്ധ്യാത്മീക നവോദ്ധാനത്തിന്റെ സമയമാണ്. സജ്ജനങ്ങളായ പലരും ഇതിനു ശ്രമിച്ച് പരാജയപ്പെടുന്നു. ക്ഷമാശീലനായ ഒരാൾ ഒരു ഘട്ടത്തിൽ പറയും ക്ഷമയ്ക്കും ഒരതിരുണ്ട്, ഇനി എന്റെ തനിനിറം നിങ്ങളറിയും. എന്നാൽ അളവുകോലില്ലാത്തതാണ് മൂല്യങ്ങളോരോന്നും, ദുർബലനായ ഒരാൾക്ക് മൂല്യങ്ങളാകുന്ന ദിവ്യാസ്ത്രങ്ങളെ പ്രയോഗിക്കാൻ കഴിയുകയില്ല. ഓരോരുത്തരും ചോദിക്കും ഞാൻ ഒരാൾ മാറിയാൽ ലോകം മാറുമോ? എന്നാൽ ബ്രഹ്മാകുമാരീസ് നമ്മെ പഠിപ്പിക്കുന്നു ഉറപ്പായും മാറും. ഈ വിദ്യാലയത്തിന്റെ മുദ്രാവാക്യം തന്നെ സ്വപരിവർത്തനത്തിലൂടെ വിശ്വപരിവർത്തനം എന്നാണ്. പ്രസിദ്ധനായ യോഗി അരവിന്ദഘോഷ് തന്റെ സാവിത്രി എന്ന പുസ്തകത്തിൽ പറഞ്ഞിരിക്കുന്നു ഒരാളിന്റെ സമ്പൂർണ്ണതയ്ക്ക് ഇപ്പോഴും ഈ വിശ്വത്തിന് രക്ഷയേകാൻ കഴിയും.

ഈ യുഗപരിവർത്തന വേളയിൽ ബ്രഹ്മാകുമാരീസ് ഈശ്വരീയ വിശ്വ വിദ്യാലയം നമുക്ക് വാഗ്ദാനം നൽകുന്നു. രാജയോഗധ്യാനത്തിലൂടെ മൂല്യങ്ങളെ ഓരോന്നും ആർക്കും സദാകാലത്തേയ്ക്ക് സ്വായത്തമാക്കാം. നാം സാധാരണ ഗതിയിൽ മൂല്യങ്ങളെ മുറുകെ പിടിക്കാൻ ശ്രമിക്കാറുണ്ടെങ്കിലും ചില സാഹചര്യങ്ങളിൽ ആ മൂല്യങ്ങളൊക്കെ ചീട്ടുകൊട്ടാരം പോലെ തകർന്നടിയുന്നതു കാണാം. വീട് പണിയുന്നത് ഓരോ ഇഷ്ടികയും വച്ച് അതിനുമേൽ സിമന്റ് പൂശുന്നതു പോലെ രാജയോഗമെന്ന സിമന്റ് ഓരോ മൂല്യങ്ങളും സദാകാലം നിലനിൽക്കാനുള്ള ബലം നൽകുന്നു. രാജയോഗത്തിലൂടെ ആത്മാവ് ശക്തമാകുമ്പോൾ മൂല്യങ്ങൾ അതിനു മുന്നിൽ ആജ്ഞാകാരികളായി കാവൽ നിൽക്കും. മറ്റുള്ളവരെ നോക്കുന്നതിന് പകരം സ്വയത്തെ നോക്കുന്നതിനെയാണ് അന്തർമുഖതയെന്ന് പറയുന്നത്. തന്നിലെ കുറവുകൾ അറിഞ്ഞ് അത് നികത്താനുള്ള പരിശ്രമം ചെയ്തുകൊണ്ട് ദിവസവും അല്പസമയം രാജയോഗധ്യാനം അഭ്യസിച്ചാൽ അത്ഭുതാവഹമായ പരിവർത്തനം സ്വയത്തിൽ ദർശിക്കാൻ കഴിയും. അതിന്റെ പ്രകമ്പനങ്ങൾ സൃഷ്ടിയെ ഒരു മഹാ പരിവർത്തനത്തിന് വിധേയമാക്കും അങ്ങനെ മൂല്യാധിഷ്ഠിതമായ ഒരു സമാജം നിലവിൽ വരും.

# മാന്ത്രികം

ബി.കെ. അനിൽ, തിരുവനന്തപുരം



“അടുത്ത ഇനം, വായുവിൽ കിടന്നുറങ്ങുന്ന കുട്ടി”– ഈ അറിയിപ്പ് കേട്ടപ്പോൾ, മാജിക് ഷോ യിലെ വിസ്മയകരമായ ആ ദൃശ്യത്തിനു വേണ്ടി ഒരു പറ്റം കാണികളോടൊപ്പം ഞാനും എന്റെ ജ്യേഷ്ഠനും ആകാംശയോടെ കാത്തിരുന്നു. “14 വയസ്സിനു താഴെയുള്ള ഏതെങ്കിലുമൊരു കുട്ടി സ്റ്റേജിലേയ്ക്ക് വരൂ”. മാന്ത്രികന്റെ അടുത്ത അറിയിപ്പ് കേട്ട് കാണികളുടെ കണ്ണുകൾ മുന്നോട്ടും പിന്നോട്ടുമെല്ലാം ആ കുട്ടിയെ തിരിയാൻ തുടങ്ങി. അറിയിപ്പ് ഒരിക്കൽ കൂടി തുടർന്നു. “ നീ പോകുന്നോ?”– ജ്യേഷ്ഠന്റെ എന്നോടുള്ള ഈ ചോദ്യം എന്റെ നെഞ്ചിടിപ്പ് വർദ്ധിപ്പിച്ചു. “ഇല്ല” എന്ന് ഒരല്പം കടുപ്പിച്ച് ഉടനടി ഞാൻ മറുപടി കൊടുത്തു. ഞാൻ സ്റ്റേജിലേയ്ക്ക് നോക്കിയപ്പോൾ പരതിനടക്കുന്ന ആ മാന്ത്രിക കണ്ണുകൾ ഞാൻ കണ്ടു. ഒരു നിമിഷം അത് എന്നിൽ ഉടക്കിയോ എന്നും ഞാൻ സംശയിച്ചു. ശിരസ്സ് ഒരല്പം താഴ്ത്തി എനിക്ക് മുന്നിലിരുന്ന ആളുടെ മറവിൽ ഞാൻ ഒതുങ്ങി. കണ്ണുകളും അടച്ചു വച്ചു. എന്റെ സംശയം അസ്ഥാനത്തായിരുന്നില്ല. ആ മാന്ത്രിക കണ്ണുകൾ എന്നെ പിടികൂടിക്കഴിഞ്ഞിരുന്നു. “ആ കുട്ടി എഴുന്നേറ്റ് വരൂ” – മാന്ത്രികന്റെ കനത്ത സ്വരം കേൾക്കാത്ത ഭാവത്തിൽ ഞാൻ ഇരുന്നു. ചെവികൾ കൂടി മൂടിവച്ചാലോ എന്നും തോന്നാതിരുന്നില്ല. അടച്ച കണ്ണുകൾ ഒരല്പം തുറന്ന് സ്റ്റേജിന്റെ നേർക്ക് നോക്കിയപ്പോൾ, അദ്ദേഹത്തിന്റെ വിരൽ എന്നെ ഉന്നം വച്ചിരിക്കുന്നത് ഞാൻ കണ്ടു. “വേഗം, എഴുന്നേറ്റ് ചെല്ല്”– മാന്ത്രികനെ പിന്തുണയ്ക്കുന്ന രീതിയിൽ ജ്യേഷ്ഠന്റെ നിർബന്ധിക്കുന്ന സ്വരം എന്നിൽ ജ്യേഷ്ഠനോട് അരിശവും മാന്ത്രികനോട് ഭയവും ജനിപ്പിച്ചു. ശ്രീകൃഷ്ണനെ മനസ്സിൽ ധ്യാനിച്ചു കൊണ്ട്,. എന്തും വരട്ടെ എന്നുറപ്പിച്ചുകൊണ്ട്, മെല്ലെ മെല്ലെ സ്റ്റേജിനടുത്തേയ്ക്ക് നടന്നുചെന്ന എന്നെ അദ്ദേഹം ദ്രുതഗതിയിൽ സ്റ്റേജിലേയ്ക്ക് പിടിച്ചു കയറ്റി. എന്റെ പേരും, പഠിക്കുന്ന ക്ലാസ്സും പ്രായവുമെല്ലാം ചോദിച്ചു മനസ്സിലാക്കിയ അദ്ദേഹം എന്നെ കാണികൾക്ക് പരിചയപ്പെടുത്തി. “ഒൻപതാം ക്ലാസ്സിൽ പഠിക്കുന്ന അനിലിനെ ഞാനിപ്പോൾ വായുവിൽ കിടത്തി ഉറക്കാൻ പോവുകയാണ്”– മാന്ത്രികന്റെ ഈ പ്രസ്താവന എന്റെയുള്ളിൽ ഇടിമുഴക്കത്തിന്റെ മാറ്റൊലികളായി. കൃഷ്ണാ, കൃഷ്ണാ എന്നല്ലാതെ മറ്റൊന്നും മനസ്സിൽ വരാ തിരിക്കാൻ ഞാൻ വൃഥാ ശ്രമിച്ചു. അപ്പോഴേയ്ക്കും മാന്ത്രികന്റെ ഒരു കരം എന്റെ ചുമലിൽ സ്പർശിച്ചു. “എന്റെ കണ്ണുകളിലേയ്ക്ക് നോക്കൂ”– ആജ്ഞയുടെ ആ സ്വരം ഞാൻ അതേപടി അനുസരിച്ചു. ഇമവെട്ടാതെ ആ കണ്ണുകളിൽ നോക്കിക്കൊണ്ടിരുന്നു. അദ്ദേഹത്തിന്റെ മറു കൈയ്യിലെ മാന്ത്രിക വടിയും ഞൊടിയിടയിൽ ഇടയ്ക്കൊന്ന് ഞാൻ ശ്രദ്ധിക്കാതിരുന്നില്ല. കറുത്ത നിറമുള്ള ആ വടിയുടെ രണ്ട് അറ്റങ്ങളിൽ മാത്രം വെള്ള നിറം. “ഈ മാജിക് സ്റ്റിക്ക് മുറുക്കെ പിടിച്ചുകൊള്ളണം”– മാന്ത്രികന്റെ ആ ആജ്ഞയും ഞാൻ അതേപടി അനുസരിച്ചു. വീണ്ടും തന്റെ കണ്ണുകളിലേയ്ക്ക് നോക്കുവാൻ അദ്ദേഹം പറഞ്ഞു. “1–2–3 എന്ന് ഞാൻ പറയുമ്പോൾ അനിൽ ഉറങ്ങും. 3–2–1 എന്ന് ഞാൻ പറയുമ്പോൾ അനിൽ ഉണരും” – മാന്ത്രികന്റെ വാക്കുകൾ മനസ്സിന്റെ ആഴങ്ങളിൽ എവിടെയോ പതിഞ്ഞു. ചുവന്ന മങ്ങിയ വെളിച്ചത്തിൽ നിന്നുകൊണ്ട് ആ നേത്ര ങ്ങളിലേയ്ക്ക് നോക്കുമ്പോൾ, മാസ്മരികത നിറഞ്ഞ ആ മനോഹരവും തിളക്കമാർന്നതുമായ വലിയ കണ്ണുകളിൽ നിന്നും ഇന്ദ്രജാലം വഴിഞ്ഞൊഴുകി. ആ പ്രവാഹത്തിനു നടുവിൽ ഒരു നീർച്ചുഴി പോലെ. ശക്തിചക്രം എന്റെ കണ്ണുകളിൽ, എന്റെ ബോധമണ്ഡലത്തിൽ പതിച്ചു. ലക്ഷ്യത്തിൽ അസ്ത്രം തറച്ചു. ഒരു മയക്കത്തതിലേയ്ക്ക് മെല്ലെ പിറകോട്ട് മറിഞ്ഞ എന്നെ അദ്ദേഹം താങ്ങിയെടുത്തു. വായുവിലെ ഒരു “പ്രതല”ത്തിൽ എന്നെ കിടത്തി. പ്രതലം എന്ന് പറയുവാൻ കഴി യില്ല. കാരണം, അങ്ങനെ “വായു”വിൽ കിടക്കുന്ന സമയത്ത് മൂന്ന് സ്ഥാനങ്ങളിൽ മാത്രമാണ് എനിക്ക് താങ്ങുള്ളതായി അനുഭവപ്പെട്ടത്. കഴുത്തിന്റെ പിൻ ഭാഗത്തും, മുതുകിന്റെ നടു ഭാഗത്തും, മുട്ടുകളുടെ കീഴ്ഭാഗത്തും. മാജിക്ക്

സ്റ്റിക്കിലെ പിടിവിടാതെ ആ താങ്ങിൽ അനങ്ങാതെ ഞാൻ കിടന്നു. "അനിൽ ഇതാ വായുവിൽ കിടന്ന് ഉറങ്ങുകയാണ്" - അദ്ദേഹത്തിന്റെ ഗാംഭീര്യം നിറഞ്ഞ ശബ്ദവും കാണികളുടെ കരഘോഷവും വിദൂരത്തു നിന്നുമെന്നപോലെ ഞാനും കേൾക്കുന്നുണ്ടായിരുന്നു. മാസ്മരികതയ്ക്ക് വിധേയമായിക്കഴിഞ്ഞിരുന്ന എന്റെ മനസ്സിൽ, പെട്ടെന്ന് ഒരു ചിന്ത വന്നു- "ഒന്ന് ചരിഞ്ഞു നോക്കിയാലോ", പക്ഷെ, ഉടനടി അത് മനസ്സിലാക്കിയവണ്ണം അദ്ദേഹം എന്റെയടുത്ത് വന്ന് - "മാജിക് സ്റ്റിക്ക് മുറുക്കെ പിടിച്ചുകൊള്ളണം" എന്ന് കാതുകളിൽ മന്ത്രിച്ചു. വീണ്ടും മനസ്സ് മാസ്മരികതയ്ക്ക് വിധേയമായ ശൂന്യാവസ്ഥയിൽ നിശബ്ദമായി നിലകൊണ്ടു. അല്പനേരം കഴിഞ്ഞപ്പോൾ ആ " വായുവിലെ കിടക്ക"യിൽ നിന്നും എന്നെ ഉയർത്തിയെടുത്ത് താഴെ അദ്ദേഹത്തിന്റെ കൈകളിൽ താങ്ങി നിർത്തി. "3-2-1" എന്ന ആജ്ഞ എന്നെ അർദ്ധ മയക്കത്തിന്റെ അവസ്ഥയിൽ നിന്നും പൂർണ്ണമായും ഉണർത്തി. ഞാൻ കണ്ണുകൾ മെല്ലെ തുറന്നു. കാണികളുടെ കരഘോഷം ആ നേരത്ത് ഉച്ചത്തിൽ ഞാൻ കേട്ടു. ഒരു നിമിഷം എന്നെ നെഞ്ചോടണച്ച ശേഷം അദ്ദേഹം സ്റ്റേജിൽ നിന്നും താഴേയ്ക്ക് ഇറങ്ങുവാൻ എന്നെ സഹായിച്ചു. പുറത്തിറങ്ങിയപ്പോൾ കുറച്ചുപേർ എന്റെ ചുറ്റുംകൂടി. "മാജിക്ക് ട്രൂപ്പിലേതാണോ, എന്ത് തോന്നി, ഉറങ്ങുന്നതുപോലെ ആയിരുന്നോ" തുടങ്ങിയ അവരുടെ ചോദ്യങ്ങൾ, ഒരു കൊച്ചു "ഹീറോ"യുടെ ഭാവം അറിയാതെ ജനിപ്പിച്ചു. സന്തോഷവും തോന്നി. ജ്യേഷ്ഠനോടുള്ള അരിശം സ്നേഹമായി. മാന്ത്രികനോടുള്ള ഭയം കൃതജ്ഞതയായി. വർഷങ്ങൾക്ക് മുമ്പുണ്ടായ ഈ ചെറിയൊരു അനുഭവം ഇന്നും പുതുമ നശിക്കാതെ ഞാൻ ഓർമ്മിക്കുന്നു. അനുഭവങ്ങൾ ഒരിക്കലും മറക്കുകയില്ലെന്ന് പറയുന്നത് എത്ര ശരി!.

ഒരു മനസ്സിന്റെ ശക്തി മറ്റൊരു മനസ്സിനെ വിധേയമാക്കുന്നു, കീഴ്പ്പെടുത്തുന്നു. ഒന്ന് ചിന്തിച്ചുനോക്കുമ്പോൾ, മനസ്സ് വലിയൊരു അത്ഭുതം തന്നെ!. അതിൽ ചിന്തകളുടെ അലമാലകൾ രൂപപ്പെടുന്നത് അനവരതം തുടർന്നുകൊണ്ടിരിക്കുന്നു, സ്മൃതികൾ തെളിയുകയും മായുകയും ചെയ്യുന്നു, വൈവിധ്യങ്ങളായ അനുഭവങ്ങൾ വന്നുപോകുന്നു! എന്തെല്ലാം കാര്യങ്ങളിലാണ് മനസ്സ് അധീനമാകുകയും വിധേയമാക്കുകയും ചെയ്യുന്നത്! സൗന്ദര്യം, സ്നേഹം, രുചി, ഗന്ധം, ശബ്ദം, സ്പർശം, തുടങ്ങി എന്തെല്ലാം എന്തെല്ലാം!! ചില വിധേയാവസ്ഥകൾ സുഖാനുഭവം തരുന്നു. പിന്നെ ആ കാര്യങ്ങളിലേയ്ക്ക് മനസ്സിന് കൂടുതൽ ചായ്‌വ് വരുന്നു. അത് വീണ്ടും വീണ്ടും മനസ്സിനെ ആ വിഷയത്തിലേയ്ക്ക് പരിമിതികൾ കടന്നും സഞ്ചരിക്കാൻ പ്രേരിപ്പിക്കുന്നു. ചില താത്കാലിക മനോസുഖങ്ങൾ അവിചാരിതമായി ദുഃഖക്കയത്തിലേയ്ക്ക് തള്ളിയിടുകയും ചെയ്യുന്നു.

മനസ്സ് ചിലപ്പോൾ അശ്വത്തെപ്പോലെയാണ്. ചിലപ്പോൾ ഗജത്തെപ്പോലെ. ചിലപ്പോൾ അത് ഒരു വാനരനുമാകും. മനസ്സിനെ വളരെയധികം സൂക്ഷിക്കുകയും സുരക്ഷിതമാക്കി വയ്ക്കുകയും ചെയ്യേണ്ടതുണ്ട്. മനസ്സ് വിധേയകമാകുന്നത് ഏതിലെല്ലാമാണ്, അടിമപ്പെടുന്നത് ഏതിലൊക്കെയാണ് എന്ന് സൂക്ഷ്മമായി നിരീക്ഷിച്ച് വിധേയത്വവും അടിമത്തവും മാറ്റുന്നതിന് പ്രയത്നിക്കുകയും വേണം. ഇത് അത്ര നിസാരമായി സാധിച്ചെടുക്കാവുന്ന കാര്യമല്ലെങ്കിലും അതിനുവേണ്ടിയുള്ള പരിശ്രമം തീർച്ചയായും ഒരു നാൾ സഫലമാകും. മനസ്സിന്റെ ഇഷ്ടാനിഷ്ടങ്ങളെ വിവേകപൂർവ്വം നിയന്ത്രിച്ചില്ലെങ്കിൽ ജീവിതത്തിൽ അത് പല കഷ്ട-നഷ്ടങ്ങളുമുണ്ടാക്കും. മനസ്സിന്റെ ഗതി ജീവിതത്തിന്റെ ഗതിയെത്തന്നെ നിർണ്ണയിക്കുന്ന ഒരു സുപ്രധാന ഘടകമാണ്. മനസ്സിന്റെ ശരിയായ രീതിയിലുള്ള പ്രവർത്തനത്തിന് സാത്വികതയുടെ ഊർജ്ജം മനസ്സിൽ ഉണ്ടായിരിക്കുക എന്നത് അത്യന്താപേക്ഷിതമായ കാര്യമാണ് സത്യസന്ധത, നൈർമല്യം, ദൃഢത, ഏകാഗ്രത - ഈ നാലു വിശേഷതകൾ വളർത്തിയെടുക്കുകയും വേണം. അതിനുവേണ്ടി, സർവ്വഗുണങ്ങളുടെയും പരമോന്നത ഭാവം ഉൾക്കൊള്ളുന്ന ഭഗവാനിൽ ധ്യാനനിമഗ്നമാകണം. ധ്യാനനിരതമായ മനസ്സ് ഈശ്വരന്റെ മനസ്സിന്റെ മാസ്മരികതയ്ക്ക് വിധേയമാകുമ്പോൾ, വൈവിധ്യമാർന്നതും അവർണ്ണനീയവുമായ ദിവ്യാനുഭൂതികളുടെ നിറവുള്ള ഒരു നിശബ്ദതയിൽ മനസ്സ് ആനന്ദിക്കും. മധുരമുറഞ്ഞ് കൽക്കണ്ടമാകുന്നതുപോലെ മനോപുഷ്പം ദിവ്യഗുണങ്ങളാൽ സുഗന്ധപൂരിതമാകും. ഇങ്ങനെ മനോനൈർമ്മല്യം നേടുന്നവർ, മനുഷ്യരിൽ നിന്നും ഇക്കാലത്ത് അന്യമായിക്കൊണ്ടിരിക്കുന്ന ഈശ്വരീയ സുഖത്തിന്റെയും സ്നേഹത്തിന്റെയും മാസ്മരിക ഭാവങ്ങൾ മറ്റുള്ളവരിലേയ്ക്കും പകർത്തും. സ്വയം മാത്രമല്ല, അന്യരെയും സന്തോഷത്തിൽ രമിപ്പിക്കുന്ന ഇന്ദ്രജാലം കാണിക്കും. പരമമായ മനസ്സേ, നീയുമൊരു മാന്ത്രികനാണ്.

# ജ്ഞാനം–ഭക്തി–വൈരാഗ്യം

ബി.കെ. സുരേഷ്, തിരുവനന്തപുരം

പതിവുപോലെ ധർമ്മരാജൻ ഒരിയ്ക്കൽ ഭൂമിയിൽ തന്റെ ജനങ്ങളുടെ ക്ഷേമാന്വേഷണത്തിനായി എത്തി. ഭൂമിയിൽ ചുറ്റി സഞ്ചരിക്കുന്നതിനിടയിൽ അവിചാരിതമായി ആരോ അലമുറയിട്ട് കരയുന്നതു കേട്ട അദ്ദേഹം ധൃതിയിൽ ആ ഭാഗത്തേയ്ക്ക് നടന്നെത്തി. ഒരു സ്ത്രീ അതീവ ദുഃഖിതയായി നിലവിളിക്കുന്ന കാഴ്ച കണ്ട് ധർമ്മരാജന്റെ മനസ്സലിഞ്ഞു.

ധർമ്മരാജൻ അവരോട് ചോദിച്ചു, 'നീ ആരാണ്, എന്തിനാണ് ഇങ്ങനെ നിലവിളിക്കുന്നത്?'

അപരിചിതനെ അതിനാലാകണം കരച്ചിലടക്കി അവർ മറുപടി പറഞ്ഞു, 'എന്റെ പേരാണ് 'ഭക്തി'. അങ്ങു കാണുന്നില്ലേ, എന്റെ രണ്ടു മക്കളും മരിച്ചു കിടക്കുകയാണ്.' ഇത്രയും പറഞ്ഞിട്ട് മുന്നിൽ കിടക്കുന്ന രണ്ടു മക്കളേയും കെട്ടിപ്പിടിച്ച് അവർ കൂടുതൽ ഉച്ചത്തിൽ നിലവിളിച്ചു കരയാൻ തുടങ്ങി. രണ്ടു മക്കളെ നഷ്ടപ്പെട്ട ഒരു അമ്മയോട് എന്തു സമാധാനമാണ് പറയേണ്ടതെന്ന് ഓർത്ത് ധർമ്മരാജൻ മൗനം പാലിച്ചു. കരച്ചിലിനിടയിൽ അവർ പറഞ്ഞു, 'ഇവന്റെ പേര് 'ജ്ഞാനം', മറേറയാൾ 'വൈരാഗ്യം'. അവർ വീണ്ടും കരയാൻ തുടങ്ങി.

അവരുടെ ദുഃഖത്തിൽ മനസ്സലിഞ്ഞ് ധർമ്മരാജൻ പറഞ്ഞു, 'നീ വിഷമിയ്ക്കേണ്ട, നിന്റെ രണ്ടു മക്കളേയും ഞാൻ പുനർജ്ജീവിപ്പിച്ചു തരാം.'

അവരുടെ മുഖത്ത് പ്രത്യാശയുടെ കിരണങ്ങൾ പടരുവാൻ തുടങ്ങി.

'പക്ഷേ ഒരു നിബന്ധനയുണ്ട്, ഏകാഗ്രതയോടെ നീ ഒരു ഭാഗവത സപ്താഹം നടത്തണം'.

ധർമ്മരാജന്റെ ആജ്ഞയനുസരിച്ച്, അവർ ഏകാഗ്രതയോടെ ഭാഗവത സപ്താഹം പൂർത്തിയാക്കിയതും അവരുടെ രണ്ടു മക്കളും പുനർജ്ജനിച്ചു.

ഭാഗവത സപ്താഹത്തിന്റെ പ്രാധാന്യം കുറിക്കുന്ന ഈ കഥ നൽകുന്ന സന്ദേശം ഇതാണ്. നാം ഓരോരുത്തരും ഭക്തകളാണ്. നമ്മുടെ രണ്ടു മക്കളും മരിച്ചു കിടക്കുന്നതിലാണ് പലകാരണങ്ങളാൽ ജീവിതത്തിൽ അനേക ദുഃഖങ്ങളും വിഷമതകളും നമുക്ക് അനുഭവിക്കേണ്ടി വരുന്നത്. അതായത്, നമുക്കേവർക്കും ഭക്തിയുണ്ടെങ്കിലും അതോടൊപ്പം അവശ്യം ഉണ്ടാകേണ്ട ജ്ഞാനവും വൈരാഗ്യവും ഇല്ല. ജ്ഞാന-വൈരാഗ്യങ്ങൾ ഉണ്ടെങ്കിൽ മാത്രമേ ഭക്തിയ്ക്കു പൂർണ്ണതയുള്ളൂ. അതിനുള്ള പരിഹാരം ഒന്നേയുള്ളൂ. സമയം കണ്ടെത്തി, ഈശ്വരകാര്യങ്ങളിലേയ്ക്ക് മനസ്സും ബുദ്ധിയും ഏകാഗ്രമാക്കുക. അപ്പോൾ നമ്മുടെയുള്ളിൽ ജ്ഞാനവും വൈരാഗ്യവും നിറയും. ബ്രഹ്മാകുമാരീസ് ഈശ്വരീയ വിശ്വ വിദ്യാലയത്തിന്റെ എല്ലാ ശാഖകളിലും ഇതിനുള്ള സൗകര്യം സൗജന്യമായി ലഭ്യമാണ്.

ഒരു പേജിൽ കൂടാത്ത ലേഖനങ്ങൾ, കവിതകൾ, കഥകൾ... എന്നിവ മലയാളത്തിൽ ടൈപ്പ് ചെയ്ത് havissmonthly@gmail.com എന്ന വിലാസത്തിൽ അയക്കുക.



# ജീവിതത്തിലെ വെല്ലുവിളികളെ നിർഭയരായി അഭിമുഖീകരിക്കൂ

അമ്പിളി പ്രസാദ്, മൗണ്ട് ആബു

മഹാഭാരതത്തിലെ ഒരു ചെറിയ കഥാസന്ദർഭം ഇവിടെ ഓർമ്മിപ്പിക്കുകയാണ്. കൃഷ്ണനും ബലരാമനും ഒരു കാട്ടിലൂടെ സഞ്ചരിക്കുകയായിരുന്നു. നേരം രാത്രിയാകാൻ തുടങ്ങി, കാട്ടിൽ ഇരുട്ടായി. കാട്ടിൽ താമസിക്കുന്നതിനുള്ള പ്രത്യേക സൗകര്യങ്ങളൊന്നും ഇല്ലായിരുന്നു. അതിനാൽ കൃഷ്ണൻ ഒരു നിർദ്ദേശം ബലരാമന് മുന്നിൽ വച്ചു, 'ഞാൻ ഉറങ്ങാൻ പോകുന്നു, നീ കാവലിരിക്കണം, നിനക്ക് ഉറക്കം വരുമ്പോൾ എന്നെ ഉണർത്തണം' എന്ന് പറഞ്ഞ് ഉറങ്ങാൻ തുടങ്ങി. ബലരാമൻ അങ്ങോട്ടും ഇങ്ങോട്ടും ഉലാത്താനാരംഭിച്ചു. അല്പസമയം കഴിഞ്ഞപ്പോൾ ഇരുട്ടിൽ നിന്ന് ഭീമാകാരനായ ഒരു ഭീകരസത്വം ഉച്ചത്തിൽ അലറിക്കൊണ്ട് ബലരാമന്റെ മുന്നിലേക്ക് വന്നു. ബലരാമൻ നടുങ്ങി വിറച്ചു. ഒപ്പം ഒന്ന് ചുരുങ്ങുകയും ചെയ്തു ഭീകരസത്വമാകട്ടെ കൂടുതൽ വലുതായി. ഭീകരസത്വം വീണ്ടും അലറി. അപ്പോൾ ബലരാമൻ ഒന്നുകൂടി ചുരുങ്ങുകയും ഭീകരസത്വം വീണ്ടും വലുതാകുകയും ചെയ്തു. ഭീകരസത്വം അവസാനമായി ഒരിക്കൽ കൂടി അലറുകയും അത് കേട്ട് മനോധൈര്യം നഷ്ടമായ ബലരാമൻ ബോധക്ഷയനായി കൃഷ്ണാ.. എന്ന് വിളിച്ചുകൊണ്ട് മയങ്ങി വീണു. കൃഷ്ണാ.., എന്ന വിളികേട്ട് കൃഷ്ണൻ ഉണരുകയും മയങ്ങിവീണ ബലരാമൻ ഉറങ്ങിപോയതാണ് എന്ന് കരുതിയ കൃഷ്ണൻ എഴുന്നേറ്റ് അങ്ങോട്ടുമിങ്ങോട്ടും ഉലാത്താൻ ആരംഭിച്ചു. പുതിയ ഒരാൾ അവിടെ നിൽക്കുന്നത് കണ്ട ഭീകരസത്വം വീണ്ടും ഉച്ചത്തിൽ അലറി. ഉടൻ കൃഷ്ണൻ നിർഭയനായി 'നിനക്ക് എന്ത് വേണം?' എന്ന് ഭീകര സത്വത്തിനോട് തിരിച്ച് ചോദിച്ചു. കൃഷ്ണന്റെ ധീരത കൃഷ്ണനെ വലുതാക്കുകയും ഭീകരസത്വത്തെ ചുരുക്കുകയും ചെയ്തു. വീണ്ടും ഭീകരസത്വം കൃഷ്ണനെ നോക്കി അലറി. കൃഷ്ണൻ വീണ്ടും 'നിനക്ക് എന്ത് വേണം?' എന്ന് ചോദിച്ചു. ഭീകരസത്വത്തിന്റെ രൂപം ഒന്നുകൂടി ചുരുങ്ങിപോകുകയും കൃഷ്ണൻ ഒന്നുകൂടി വലുതാകുകയും ചെയ്തു. ഒടുവിലായി ഒരിക്കൽ കൂടി ഭീകരസത്വം കൃഷ്ണനെ നോക്കി അലറി. കൃഷ്ണൻ നിനക്ക് എന്ത് വേണം? എന്ന ചോദ്യം വീണ്ടും ആവർത്തിച്ചു. ഭീകരസത്വം കൈവെള്ളയിൽ ഒതുങ്ങും വിധം ചെറുതായിപോയി. ചെറുതായ ഭീകരസത്വത്തെ കൃഷ്ണൻ തന്റെ മടിശീലയിൽ ഒരു കെട്ടുണ്ടാക്കി അതിനകത്ത് നിക്ഷേപിച്ചു.

നേരം പുലർന്നു കൃഷ്ണനും ബലരാമനും യാത്ര തുടങ്ങി. നടക്കുന്നതിനിടയിൽ ഇന്നലെ രാത്രിയിൽ എന്താണുണ്ടായത് എന്നറിയാമോ എന്ന് ബലരാമൻ കൃഷ്ണനോട് ചോദിച്ചു. ഇരുട്ടിൽ നിന്ന് ഒരു ഭീമാകാരനായ ഭീകരസത്വം അലറികൊണ്ട് വന്നു, അത് വളരെ ഭീതിപ്പെടുത്തുന്നതായിരുന്നു. കൃഷ്ണൻ മെല്ലെ തന്റെ മടിശീലയിൽ നിന്ന് ഭീകരസത്വത്തെ പുറത്തെടുത്ത്കൊണ്ട് ചോദിച്ചു 'ഇതിനെപറ്റിയാണോ താങ്കൾ പറയുന്നത്?' ഉടൻ അത്ഭുതത്തോടെ ബലരാമൻ പറഞ്ഞു ഞാൻ കണ്ടപ്പോൾ ഇത് വളരെ വലുതായിരുന്നു, എങ്ങനെ ഇത് ഇത്രയും ചെറുതായി.

കൃഷ്ണനിലൂടെ വേദവ്യാസൻ പറയുന്നു- നിങ്ങളുടെ ജീവിത്തിൽ അഭിമുഖീകരിക്കേണ്ട വെല്ലുവിളികളെ നേരിടാതിരിക്കുമ്പോൾ, അത് നിങ്ങളെക്കാൾ വലുതാകുകയും, നിങ്ങളെ അതിന്റെ നിയന്ത്രണത്തിലാക്കുകയും ചെയ്യുന്നു. എന്നാൽ നിങ്ങൾക്ക് അഭിമുഖീകരിക്കേണ്ട കാര്യങ്ങളെ

ധൈര്യത്തോടെ അഭിമുഖീകരിക്കുമ്പോൾ അവ നിങ്ങളെക്കാൾ ചെറുതാകുകയും നിങ്ങൾക്ക് ആ വെല്ലുവിളികളെ നിയന്ത്രിക്കാൻ കഴിയുകയും ചെയ്യും. വേദവ്യാസൻ ഇവിടെ വിശദീകരിക്കുന്ന ഭീകരസത്വം നാം ജീവിതത്തിൽ അഭിമുഖീകരിക്കുന്ന വെല്ലുവിളികളാണ്. കൃഷ്ണന്റെ വാക്കുകളിലൂടെ വേദവ്യാസൻ നമുക്കെല്ലാം ഇതാണ് മനസ്സിലാക്കിത്തരുന്നത് – നിങ്ങൾ അഭിമുഖീകരിക്കേണ്ട വെല്ലുവിളികളിൽ നിന്ന് നിങ്ങൾ ഒഴിഞ്ഞ് മാറുമ്പോൾ അവയെല്ലാം ഭീകരസത്വങ്ങളാകുന്നു. അത് നിങ്ങളെ നിയന്ത്രിക്കാൻ തുടങ്ങുന്നു. പകരം നിങ്ങൾക്ക് അഭിമുഖീകരിക്കേണ്ട വെല്ലുവിളികളെ അഭിമുഖികരിക്കു അതിൽകൂടി നിങ്ങൾ അവയെക്കാൾ ശക്തിശാലിയാകുകയും അവയെ നിയന്ത്രിക്കാൻ തുടങ്ങുകയും ചെയ്യും. കൂടുതലായി മനസ്സിലാക്കുമ്പോൾ ജീവിതത്തിലുള്ള വെല്ലുവിളികൾ, ജീവിതാനുഭവങ്ങൾ, ജിവിതത്തിലെ പ്രതിസന്ധികൾ, ജീവിതത്തിലെ കഠിനത നിറഞ്ഞ ദിനങ്ങൾ ഒന്നും യഥാർത്ഥത്തിൽ ഉള്ളതല്ല എന്ന് തിരിച്ചറിയും. തീച്ചൂളകൾ നിങ്ങളെ പൊള്ളലേല്പിക്കുന്നതിനുള്ളതല്ല, പകരം നിങ്ങളെ കൂടുതൽ പരിശുദ്ധിയും തിളക്കവുമുള്ള സ്വർണ്ണമാക്കി പരിവർത്തനപ്പെടുത്തുന്നതിനു വേണ്ടിയുള്ളതാണ്. ജീവിതാനുഭവങ്ങളുടെ മുഖ്യഉദ്ദേശ്യം നിങ്ങൾ എന്താണൊ ആയിത്തീരേണ്ടത് നിങ്ങളെ അതാക്കിത്തീർക്കുക എന്നതാണ്. അതിനാൽ ഇനി മുതൽ ജീവിതത്തിൽ ഏതെങ്കിലും വെല്ലവിളികളെ അഭിമുഖീകരിക്കുമ്പോൾ മനസിലാക്കണം നിങ്ങൾ എന്താണോ ആകേണ്ടത്, നിങ്ങളെ അതാക്കി മാറ്റുവാനുള്ള ഉദ്ദേശ്യത്തോടെയാണ് ഈ വെല്ലുവിളികളും, പ്രതിസന്ധികളും മുന്നിൽ വന്നത്.

***മുടിയനായപുത്രൻ....*** 9–ാം പേജ് തുടർച്ച

അച്ഛന് അയച്ചു കൊടുക്കുക. അതിൻപ്രകാരം തന്റെ ഹൃദയവ്യഥയുടെ വിധിനിർണ്ണായക കത്ത് അവൻ തയ്യാറാക്കി. അതിൽ ഇങ്ങനെയും കൂട്ടിച്ചേർത്തു, അച്ഛാ, അച്ഛൻ എന്നെ സ്വീകരിക്കുമെങ്കിൽ നമ്മുടെ വീടിനു മുന്നിലെ ഇലവുമരത്തിന്റെ ഒരു ചില്ലയിൽ എന്റെ പ്രിയപ്പെട്ട അച്ഛൻ ഒരു പച്ചക്കൊടി ഉയർത്തിയിരിക്കണം. തീവണ്ടി നമ്മുടെ വീടിനു മുന്നിലൂടെയാണല്ലോ കടന്നു പോകുന്നത്. അപ്പോൾ എനിക്കീ കൊടി കൊണ്ട് അച്ഛന് പരിഭവമില്ലെന്ന് മനസ്സിലാക്കാം. അല്ലെങ്കിൽ എനിക്കാ തീവണ്ടിയിൽ തന്നെ എന്റെ ഒരിക്കലും വരാത്ത യാത്ര തുടരുകയും ചെയ്യാമല്ലോ. അപ്രകാരം അവൻ കത്ത് തപാലിൽ നിക്ഷേപിച്ച് കാത്തിരുന്നു. കത്തു വീട്ടിൽ എത്താൻ കുറഞ്ഞത് ഒരാഴ്ചയെങ്കിലും എടുക്കും. അതുകൊണ്ടുതന്നെ അവൻ വീണ്ടും ഒരാഴ്ച കൂടി കഴിഞ്ഞേ യാത്ര തിരിയ്ക്കുകയുള്ളൂ. ഏതെങ്കിലും കാരണവശാൽ കത്തു കിട്ടാതിരുന്നാലോ! അവസാനം വികാരതീവ്രതയുടെ രണ്ടാഴ്ചകൾ പിന്നിട്ട് അവൻ നാട്ടിലേക്ക് പുറപ്പെട്ടു. തീവണ്ടി തന്റെ വീടിനു മുന്നിലൂടെ കടന്നു പോകുകയാണ്. ഇലവുമരത്തിന്റെ ഒരു ചില്ലയിൽ പച്ചക്കൊടിയുണ്ടോ! തന്റെ വിധി നിർണ്ണിയിക്കുന്ന പച്ചക്കൊടി! ഹൃദയം നുറുങ്ങുകയാണ്. തല കറങ്ങിപൊട്ടിത്തെറിക്കുന്നതുപോലെ. അല്ല കൊടിയുണ്ട്. ഒരു കൊടിയല്ല. ഓരോ ചില്ലയിലും കൊടി, ഇലവുമരം നിറയെ പച്ചക്കൊടി. അവൻ അടുത്ത സ്റ്റേഷനിൽ തീവണ്ടിയിറങ്ങി വീട്ടിലേക്ക് ഓടിക്കിതച്ചെത്തി. അച്ഛൻ അവനെ മാറോടണച്ച് കെട്ടിപ്പിടിച്ചു സന്തോഷാശ്രുക്കളാൽ പുണർന്നു. വികാരതീവ്രമായ നിമിഷങ്ങൾ കടന്നുപോയി എങ്കിലും അച്ഛാ ഒരു ചോദ്യം ബാക്കി നിൽക്കുന്നു. അച്ഛാ ഞാൻ ഒരു കൊടിയല്ലേ കെട്ടാൻ പറഞ്ഞത്. എന്നാൽ അച്ഛൻ ഇലവുമരമെല്ലാം കൊടികൊണ്ട് നിറച്ചല്ലൊ. അതേ മകനെ നീ ഒരു കൊടിയേ കെട്ടാൻ പറഞ്ഞുള്ളൂ. എന്നാൽ ഏതെങ്കിലും കാരണവശാൽ നീ ആ ഒരു കൊടി കണ്ടില്ലെങ്കിൽ എനിക്കു നിന്നെ വീണ്ടും നഷ്ടമാകില്ലേ ഈ ഭയത്താൽ ഞാൻ ഇലവുമരം മുഴുവനും കൊടികൊണ്ടു നിറയ്ക്കുകയായിരുന്നു.

ഇവിടെ ആ പെൺകുട്ടി പറഞ്ഞു നിർത്തുകയായിരുന്നു. ദൈവത്തിനു നമ്മൾ മക്കളോടുള്ള സ്നേഹം ഈ പിതാവിനേക്കാൾ എത്രയോ ഇരട്ടിയാണ്.

# ബുദ്ധിമുട്ട്

ചന്ദ്രശേഖരൻ പാലിയത്ത്, കൊടുങ്ങല്ലൂർ

പലരും പറഞ്ഞു കേൾക്കുന്ന ഒരു വാചകമുണ്ട്, "എനിക്കാരെയും ബുദ്ധിമുട്ടിക്കുന്നത് ഇഷ്ടമല്ല." എന്താണ് ബുദ്ധിമുട്ട്? എപ്പോഴാണ് ബുദ്ധിമുട്ടിക്കുന്നത്? ഇന്ന പലർക്കും ഇതിൽ അത്ര നിശ്ചയമില്ലാത്തതായി തോന്നാറുണ്ട്. ഒരു അനുഭവം പറയട്ടെ.

ഒരിക്കൽ എന്റെ ഒരു പഴയ സുഹൃത്ത് എന്നെ ഫോണിൽ വിളിച്ചു പറഞ്ഞു, "ഞാൻ 16 ന് കൊടൈക്കനാലിനു പോകുന്നു, 14 നും 15 നും തന്റെ കൂടെ തങ്ങാം എന്നു കരുതുന്നു. കുറെ നാളായില്ലേടോ നമ്മളൊന്ന് ഒത്തു കൂടിയിട്ട്." ശരിയാണ്, നമ്മുടെ ജീവിതത്തിരക്കിനിടയിൽ ഇത്തരം കൂട്ടായ്മകളുടെ, ഒത്തുചേരലുകളുടെ എണ്ണം എത്രയോ കുറഞ്ഞിരിക്കുന്നു. 12 ന് മകന്റെ വീടുവരെ പോകാമെന്നും അവിടെ രണ്ടു-നാലു ദിനം തങ്ങാമെന്നും നിനച്ചിരിക്കുകയായിരുന്നു ഞാൻ. അവനെ വിളിച്ചു പറയുകയും അവൻ ഞങ്ങൾക്കുള്ള ടിക്കറ്റ് എടുത്ത് അയച്ചു തരുകയും ചെയ്തിരിക്കുന്നു. അവനോടൊത്ത് കുറച്ചു ദിവസം തങ്ങാനുള്ള അവന്റെ ഏറെ നാളത്തെ പരാതിയ്ക്ക് അറുതി വരുമല്ലോ എന്നു കരുതിയിരിക്കെയാണ് പഴയ സുഹൃത്തിന്റെ സന്ദർശന പദ്ധതി. ഞാൻ ആകെ ചിന്താക്കുഴപ്പത്തിലായി. ഇനി എന്താ ചെയ്ക? ചെക്കനേയും പിണക്കാൻ വയ്യ, സുഹൃത്തിനോടു മറുത്തു പറയാനും വയ്യ. ഒടുവിൽ, മകനോട് ഒരു ഒഴിവു പറയാം എന്നു തീരുമാനിച്ചു. ഒരല്പം നീരസത്തോടെയാണെങ്കിലും അവൻ സമ്മതിച്ചു. ഞാൻ സുഹൃത്തിനു വേണ്ടി കാത്തിരിപ്പു തുടങ്ങി. 14 ന് കാലത്തെ സുഹൃത്തിന്റെ ഫോണെത്തി. രാവിലെ എത്തുവാൻ ആവില്ല, വൈകിട്ട് അത്താഴം ഒന്നിച്ചാകാം. അടുത്ത ദിവസം കൂടെ തങ്ങി, 15 ന് വൈകിട്ട് കൊടൈക്കനാലിനു തിരിക്കും. വൈകുന്നേരമായപ്പോൾ ആ പദ്ധതിയും മാറി. തിരക്കുകൾ തീരുന്നില്ല, 15 നേ തിരിക്കാൻ സാധിക്കുകയുള്ളൂ. ഉച്ചയ്ക്ക് മുമ്പ് അവിടെ എത്തും. അന്നു വൈകിട്ടു തന്നെ കൊടൈക്കനാലിനു തിരിക്കും. തിരക്കുകൾക്കുണ്ടോ കാര്യബോധം, നമ്മെ കോമാളി വേഷം കെട്ടിയാടിക്കുന്നതിൽ അവ എത്രയോ സമർത്ഥർ. തിരക്കുകൾ ഒഴിഞ്ഞ് സുഹൃത്ത് എത്തുമ്പോൾ രാത്രി 9.30 കഴിഞ്ഞിരുന്നു. അതിരാവിലെ കൊടൈക്കനാലിലേയ്ക്ക് തിരിക്കേണ്ടതിനാൽ, തിരക്കിട്ട് ഭക്ഷണം കഴിച്ചു കിടന്നു. കൊടൈക്കനാലിൽ രണ്ടു ദിവസം ഒന്നിച്ചു ഉല്ലസിക്കുവാൻ അവൻ ഞങ്ങളേയും ക്ഷണിച്ചു. സ്നേഹപൂർവ്വം ഞാൻ ആ ക്ഷണം നിരസിച്ചു.

ഇനി മറ്റൊരു അനുഭവം കൂടി കേട്ടുകൊള്ളൂ. എന്റെ ഒരു സുഹൃത്തിന്റെ മകൻ ആശുപത്രിയിൽ ചികിത്സയിലാണെന്നുള്ള സന്ദേശം ലഭിച്ചിട്ടാണ് ഞാൻ അവിടെ എത്തിയത്. അവിടുത്തെ സാഹചര്യങ്ങൾ കണ്ടപ്പോൾ മനസ്സിലായി കക്ഷി ഒരല്പം സാമ്പത്തിക ഞെരുക്കത്തിലാണ്. ഡോക്ടറോടു സംസാരിച്ചപ്പോൾ വീട്ടിൽ കൊണ്ടു പോകുന്നതിനു കുഴപ്പമില്ലെന്നും ഒന്നിടവിട്ട ദിവസങ്ങളിൽ കൊണ്ടു വരണമെന്നും പറഞ്ഞു. അവരുടെ വീട് കുറച്ചകലെയാണ്, വണ്ടി സൗകര്യവും കുറവ്. എന്റെ വീട് ആശുപത്രിയിൽ നിന്നും അധികം അകലെയല്ല. ഞാൻ സുഹൃത്തിനോടു പറഞ്ഞു, "കുട്ടിയെ അസുഖം മാറുന്നതു വരെ എന്റെ വീട്ടിൽ ആക്കിക്കൊള്ളൂ, നിനക്കും അതുവരെ അവിടെ സുഖമായി കഴിയാം." എന്റെ വാക്കുകൾ കേട്ട് അന്ധാളിപ്പ് മാറുന്നതിനു മുമ്പ് അവൻ ചോദിച്ചു, "അത് നിങ്ങൾക്ക് ബുദ്ധിമുട്ടാകില്ലേ?". ഞാൻ പറഞ്ഞ മറുപടിയിതാണ്, "ഒരാവശ്യത്തിനല്ലേ, ആ ബുദ്ധിമുട്ട് ഞാൻ സഹിച്ചോളാം."

ജീവിതം ഇങ്ങനെയൊക്കെയാണ്. ചില സുഖകരമായ ഉരച്ചിലുകളും ഞെരിച്ചിലുകളും എല്ലാം നമുക്ക് സഹിക്കേണ്ടി വരും. നമുക്കുവേണ്ടി മറ്റുള്ളവർക്കും ചിലപ്പോൾ സഹിക്കേണ്ടി വരും. മനുഷ്യനെന്ന സാമൂഹ്യ ജീവിയുടെ ജീവിതത്തിൽ ഇത് സ്വാഭാവികം. അവയെ ബുദ്ധിമുട്ടുകളായി കാണുകയോ, കാട്ടുകയോ ചെയ്യാതെ പരമാവധി പൊരുത്തപ്പെട്ടു മുന്നേറുക. അറിഞ്ഞു കൊണ്ട് മറ്റുള്ളവരെ ബുദ്ധിമുട്ടിക്കാതിരിക്കുക. എന്നാൽ സ്നേഹം പങ്കിടുവാനുള്ള അവരുടെ അവസരങ്ങൾ നഷ്ടപ്പെടുത്തുകയും അരുത്.

# തീരുമാനങ്ങളുടെ പങ്ക്

സുനിത, പാലക്കാട്

നമുക്ക സംഭവിക്കുന്നതിന്റെയും നാം സംഭവിപ്പിക്കുന്നതിന്റെയും ആകെത്തുകയാണ് നമ്മുടെ ജീവിതം എന്നു പറയാറുണ്ട്. നമ്മുടെ മുൻകാല ചെയ്തികളുടെയും തെരഞ്ഞെടുപ്പുകളുടെയും ഫലങ്ങൾ കോർത്തിണക്കിയാണ് ജീവിതത്തിലെ ഓരോ നിമിഷങ്ങളും നമ്മെത്തേടിയെത്തുന്നത്. ഞാൻ സംഭവിപ്പിക്കുന്നതാണ് എനിക്കായി സംഭവിക്കുന്നതും. ജീവിതം തീരുമാനങ്ങളുടെ നിരന്തരമായ ഒരു നിരയാണ്, നമ്മുടെ അനുമാനമാണത്. കർമ്മം ചെയ്യുന്ന ഞാൻ എന്ന കർത്താവിന്റെ അനുമാനം. ഒന്നും ചെയ്യാതിരിക്കുവാൻ നാം തീരുമാനിക്കുമ്പോഴും നാം അതു തെരഞ്ഞെടുക്കുകയാണ് എന്നു മറക്കരുത്. അങ്ങനെ ഒന്നും ചെയ്യാതിരിക്കലും നാം തെരഞ്ഞെടുത്ത, നമ്മുടെ തീരുമാന പ്രകാരമുള്ള ഒരു കർമ്മമായി മാറുന്നു. ചില ആത്മീയ കൂട്ടായ്മകളിൽ ഇനിയും കൂടുതൽ കർമ്മക്കണക്കുകൾ ഉണ്ടാക്കാതിരിക്കുവാനും ഉള്ളവ തീർക്കുവാനും പറയാറുണ്ട്. നമ്മുടെ തന്നെ പ്രവൃത്തികളുടെ ഫലമായുള്ളതിനെ അവസാനിപ്പിക്കുവാൻ തീരുമാനം എടുക്കുവാൻ പറയുന്നത് അർത്ഥശൂന്യമാണ്. നമ്മുടെ പ്രവൃത്തികളുടെ അനന്തര ഫലങ്ങളെ തള്ളിക്കളയലാണത്. അത് കണക്കുകൾ തീർക്കലല്ല, പകരം നീട്ടിവയ്ക്കലാണ്. ഉദാഹരണമായി, ജീവിതത്തിൽ നിങ്ങൾ അപ്രതീക്ഷിതമായി ഒരാളെ കണ്ടുമുട്ടുന്നു എന്നിരിക്കട്ടെ. പുതിയ കർമ്മക്കണക്കുകൾ ഒഴിവാക്കുവാനായി അയാളെ ഒഴിവാക്കുവാൻ നിങ്ങൾ ആലോചിക്കുമ്പോൾ, യഥാർത്ഥത്തിൽ ഒരു പുതിയ കർമ്മക്കണക്ക് അവിടെ തുറക്കപ്പെടുകയാണ്. ഇപ്രകാരം യാഥാർത്ഥ്യത്തെ നാം നിരന്തരം തെരഞ്ഞെടുത്തുകൊണ്ടേയിരിക്കുന്നു. ജീവിതമാകുന്ന നാടകത്തിൽ ഓരോ നടനും നമ്മെ ചിലതൊക്കെ പഠിപ്പിക്കാനുണ്ട്, നമ്മെക്കുറിച്ചു തന്നെ ചിലതൊക്കെ മനസ്സിലാക്കിത്തരുവാനുണ്ട്. ഇപ്രകാരം പഠിക്കുവാനും നമ്മെക്കുറിച്ച് കൂടുതൽ അറിയുവാനും നാം തത്പരരാകുമ്പോൾ ഓരോ അഭിനേതാവിനും അവരുടെ വേഷം അഭിനയിക്കുവാൻ നാം തുറന്ന അവസരം ഒരുക്കേണ്ടിയിരിക്കുന്നു. അതോടൊപ്പം നമ്മുടെ വേഷം എപ്പോഴാണ് ആരംഭിക്കുന്നതെന്നും നാം അറിയേണ്ടിയിരിക്കുന്നു. എല്ലാ പ്രവർത്തികൾക്കും ഒരു സമയമുണ്ട്, അതിനെ ബഹുമാനിക്കേണ്ടതാണ്. ആദ്യം സ്വയം മനസ്സിലാക്കണം, നാം കെട്ടിപ്പൊക്കിയിരിക്കുന്ന ഞാൻ എന്ന അഹംഭാവത്തെ മനസ്സിലാക്കണം. അതിൽ നിന്നാണ് നമ്മുടെ തീരുമാനങ്ങളെല്ലാം ജന്മമെടുക്കുന്നത്. തീരുമാനങ്ങൾ ശരിയാകുമ്പോൾ ജീവിതം ആനന്ദപൂർണ്ണമാകും, നമ്മുടെയും മററുള്ളവരുടെയും.

## മഹദ്‌വചനങ്ങൾ

ഭൗതീക സമ്പന്നതയ്ക്കിടയിൽ
ആന്തരീക ശാന്തിയില്ലാതിരിക്കുക
തടാകത്തിൽ കുളിച്ചുകൊണ്ടിരിക്കെ
ദാഹിച്ചു മരിക്കുന്നതു പോലെയാണ്.

– പരമഹംസ യോഗാനന്ദ





# മോതിര വാക്യം

നിഖിൽ എലത്തൂർ, കോഴിക്കോട്

തന്റെ വിശാലമായ സാമ്രാജ്യത്തെ കൊട്ടാരത്തിന്റെ മട്ടുപ്പാവിലിരുന്ന് നോക്കി കാണുകയായിരുന്നു രാജാ ഹരിവർമ്മൻ. ഇത്രയും വിശാലമായൊരു രാജ്യത്തിന്റെ അധികാരിയാണ് താനെന്ന ചിന്ത അദ്ദേഹത്തിന്റെ മനസ്സിൽ സുഖകരമായ അനുഭൂതി ഉളവാക്കി. പെട്ടെന്ന് അദ്ദേഹത്തിന് എന്തോ ഒരു തോന്നൽ വരുകയും ഉടനെ കൊട്ടാരം സ്വർണപ്പണിക്കാരനെ വിളിച്ചു വരുത്തുകയും ചെയ്തു. എന്നിട്ടിങ്ങനെ പറഞ്ഞു "എനിക്ക് മനോഹരമായൊരു മോതിരം വേണം. ഏത് പരിതസ്ഥിതിയിലും ഉപകാരം ചെയ്യുന്ന ഒരു വാക്യം ആ മോതിരത്തിൽ കൊത്തിവെക്കണം".

രാജാവിന്റെ ആജ്ഞ സ്വീകരിച്ച സ്വർപ്പണിക്കാരൻ മോതിരംഉണ്ടാക്കാനായി അവിടെ നിന്നു പുറപ്പെട്ടു. രാജാവ് പറഞ്ഞത് പോലുള്ള ഒരു വാക്യം എവിടെ നിന്ന് കിട്ടും എന്ന ചിന്ത സ്വർണപ്പണിക്കാരനെ ആശങ്കാകുലനാക്കിയിരുന്നു. വഴിയിൽ വച്ച് അദ്ദേഹം ഒരു വിദ്വാനെ കണ്ടുമുട്ടി. അദ്ദേഹത്തോട് തന്റെ ആശങ്ക പങ്കുവെച്ചു. മോതിരത്തിൽ കൊത്തിവെക്കേണ്ട വാക്യം വിദ്വാൻ പറഞ്ഞു കൊടുത്തു. അത് ഇങ്ങനെയായിരുന്നു "ഇതും തീർച്ചയായും മാറും". അങ്ങനെ ഈ വാക്യം കൊത്തിവെച്ച് അതിമനോഹരമായൊരു മോതിരം ഉണ്ടാക്കി സ്വർണപ്പണിക്കാരൻ രാജാവിനു കൊടുത്തു.

കാലം കടന്നു പോയി. അങ്ങനെ ഒരിക്കൽ അയൽ രാജാവ് ഹരിവർമ്മന്റെ രാജ്യം ആക്രമിച്ചു. പ്രാണരക്ഷാർത്ഥം ഹരിവർമ്മൻ അവിടെ നിന്ന് പലായനം ചെയ്തു. അദ്ദേഹത്തെ വധിക്കാൻ ശത്രുക്കൾ പുറകെ തന്നെ ഉണ്ടായിരുന്നു. അദ്ദേഹം ഒരു ഗുഹയിൽ കയറി ഒളിച്ചു. ഗുഹയുടെ പുറത്ത് കുതിരകളുടെ കുളമ്പടി ശബ്ദം കേൾക്കാമായിരുന്നു. മോതിരത്തിൽ കൊത്തിവെച്ചിരുന്ന "ഇതും തീർച്ചയായും മാറും" എന്ന വാക്യത്തിലേക്ക് രാജാവിന്റെ ശ്രദ്ധ അവിചാരിതമായി പതിഞ്ഞു. അദേഹത്തിന്റെ ഹൃദയമിടിപ്പ് ശാന്തമായി വന്നു. മനസ്സ് സ്വസ്ഥമായി അദ്ദേഹം ആലോചിച്ചു, ഞാൻ എന്തിനാണ് ഭയപ്പെടുന്നത്? ഒന്നും ശാശ്വതമല്ല. ഈ പ്രതിസന്ധി താൽക്കാലികമാണ്. ഇത് തീർച്ചയായും മാറുക തന്നെ ചെയ്യും. ഇത്തരം വിചാരങ്ങൾ അദ്ദേഹത്തിൽ നിന്ന് ദു:ഖത്തെയും ഭയത്തെയും നിശ്ശേഷം മാററി.

കുറച്ചു കാലത്തിന് ശേഷം സർവ്വസജ്ജനായി അദ്ദേഹം ശത്രു രാജാവിന് നേരെ പ്രത്യാക്രമണം നടത്തുകയും രാജ്യം തിരിച്ചു പിടിക്കുകയും ചെയ്തു. രാജ്യമെങ്ങും വിജയാഘോഷങ്ങൾ നടന്നു. രാജാവ് പ്രജകളോടും പരിവാരങ്ങളോടും കൂടി ആഘോഷത്തിൽ മതിമറന്ന് ആനന്ദിച്ചു. പെട്ടെന്നാണ് ഇതും തീർച്ചയായും മാറും എന്ന മോതിര വാക്യത്തിലേക്ക് രാജാവിന്റെ ദൃഷ്ടി പതിയുന്നത്. അദ്ദേഹം ആലോചിച്ചു, ഇതും താൽക്കാലികമാണ്. കാലചക്രത്തിനനുസൃതമായി ജയ-പരാജയങ്ങൾ മാറി മാറി വരും. ജയത്തിൽ മതിമറക്കാതെയും പരാജയത്തിൽ ദു:ഖിക്കാതെയും ഇരിക്കുന്നവനാണ് ശാശ്വതമായ ശാന്തത കൈവരുക. ഇത്തരം വിചാരങ്ങൾ ശാന്തിയുടെ പരമകോടിയിലേക്ക് അദ്ദേഹത്തെ നയിച്ചു. രാജ്യത്ത് നടക്കുന്ന വിജയാഘോഷങ്ങളെ ഒരു തികഞ്ഞ ജ്ഞാനിയുടെ ലക്ഷണത്തിൽ സാക്ഷീ ഭാവത്തിൽ അദ്ദേഹം നോക്കിക്കണ്ടു.

ഹവിസ്സിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളിലെയും കവിതകളിലെയും ആശയങ്ങളും അഭിപ്രായങ്ങളും ലേഖകരുടേതാണ്. അവ ബ്രഹ്മാകുമാരീസിന്റെയോ ഹവിസ്സിന്റെയോ അഭിപ്രായങ്ങളാണെന്ന് ധരിക്കരുത്.




ഡോ. വത്സലൻ നായർ, മൗണ്ട് ആബു

*ജീവിതം - അതു പലർക്കും ഒരു പ്രഹേളികയാണ്. ആ വലിയ ചോദ്യചിഹ്നത്തിന്റെ മുന്നിൽ തളർന്നിരിക്കുന്നവർക്കായി ജീവിതത്തിന്റെ തീച്ചൂളയിൽ വാർത്തെടുത്ത അനുഭവങ്ങളുടെ വെളിച്ചത്തിൽ, തന്റെ സ്വതസിദ്ധമായ ശൈലിയിൽ ജീവിതം ആസ്വദിക്കുവാനുള്ള കല നമുക്കായി പങ്കുവയ്ക്കുന്നു ഡോ. വത്സലൻ നായർ. ഹവിസ്സിന്റെ കൂട്ടുകാർക്കായുള്ള ഈ പംക്തിയിൽ നിങ്ങളുടെ ചോദ്യങ്ങളും സംശയങ്ങളും കൂടി ഉൾപ്പെടുത്തുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. സഹകരിക്കുമല്ലോ..*

ചോദ്യം: 35 വയസ്സുള്ള ആരോഗ്യവതിയായ, ബിരുദാനന്തര ബിരുദധാരിണിയാണ് ഞാൻ. എനിക്ക് ഉയരുവാനുള്ള അവസരങ്ങൾ ലഭിക്കുന്നില്ല, അധികാര സ്ഥാനത്തുള്ളവർ പലപ്പോഴും എന്റെ അഭിപ്രായങ്ങൾ കേൾക്കുവാൻ തയ്യാറുകുന്നില്ല, മാത്രമല്ല സ്വതന്ത്രമായി പ്രവർത്തിക്കുവാൻ എന്നെ അനുവദിക്കുന്ന കൂടിയില്ല. 15 വർഷത്തെ സേവന പരിചയമുള്ള എന്റെ ഇന്നത്തെ അവസ്ഥ വളരെ പരിതാപകരമാണ്. എനിക്കിപ്പോൾ ആത്മവിശ്വാസം തീരെ ഇല്ല. ഞാൻ എന്താണ് ചെയ്യേണ്ടത്?

ഉത്തരം: ഈ രോദനം ഒരു ഒറ്റപ്പെട്ട സംഭവമല്ല. ബഹുഭൂരിപക്ഷം യുവാക്കളും യുവതികളും അനുഭവിക്കുന്ന ഒരു കാതലായ പ്രശ്നത്തിലേയ്ക്കാണ് സഹോദരി വിരൽ ചൂണ്ടുന്നത്. നമുക്ക് ഈ പ്രശ്നത്തിനു പരിഹാരം എന്താണെന്നു നോക്കാം. ജീവിതത്തിൽ അനേകം അവസരങ്ങൾ നമ്മെ എല്ലാവരേയും തേടിയെത്താറുണ്ട്, പല രൂപത്തിലും ഭാവത്തിലും. അവയെ തിരിച്ചറിയുവാൻ നമുക്കു കഴിയുകയും ആവശ്യാനുസരണം അനുയോജ്യമായവ തെരഞ്ഞെടുക്കുവാൻ ആവുകയും ചെയ്യുന്നതാണ് ജീവിത വിജയത്തിനാധാരം. സങ്കുചിതത്വവും, നിക്ഷിപ്ത താല്പര്യങ്ങളും മനസ്സിനെ ഇടിച്ചു താഴ്ത്തുകയും ആത്മവിശ്വാസം നഷ്ടപ്പെട്ടു എന്ന തോന്നൽ ഉണ്ടാക്കിക്കുകയും ചെയ്യും. തുറന്ന ഒരു മാനസിക സമീപനം എല്ലാ കാര്യത്തിലും പാലിക്കുവാൻ നാം ശ്രദ്ധിച്ചാൽ കാര്യം എളുപ്പമായി.

ഇനി, അധികാരസ്ഥാനത്തുള്ളവർ അഭിപ്രായങ്ങൾ കേൾക്കുന്നില്ല എന്ന പരാതി നമുക്കു പരിശോധിക്കാം. ബധിരരല്ലാത്തിടത്തോളം അവർ തീർച്ചയായും കേൾക്കുന്നുണ്ട് എന്നു നമുക്ക് അനുമാനിക്കാം. പക്ഷേ, സഹോദരിയുടെ അഭിപ്രായങ്ങൾ അംഗീകരിക്കുന്നില്ല എന്നതാണ് സത്യം. ഇവിടെ രണ്ട് പ്രശ്നങ്ങളാണുള്ളത്. ഒന്നാമതായി, മറ്റുള്ളവർ നമ്മെ അംഗീകരിക്കണം എന്ന നമ്മുടെ നിർബ്ബന്ധ ബുദ്ധി. രണ്ടാമതായി, ഒരാളുടെ അഭിപ്രായങ്ങൾക്ക് നാം വിലകൊടുക്കണമെങ്കിൽ അയാളിൽ നമുക്ക് വിശ്വാസം ഉണ്ടായിരിക്കണം. അതായത് നിർബ്ബന്ധ ബുദ്ധി ഉപേക്ഷിക്കുകയും മററുള്ളവരിൽ വിശ്വാസം വളർത്തിയെടുക്കുന്ന തരത്തിൽ പ്രവർത്തിക്കുകയും ചെയ്താൽ കാര്യം എളുപ്പമായി. പതുക്കെ, പതുക്കെ നിങ്ങളുടെ അഭിപ്രായങ്ങൾക്ക് മറ്റുള്ളവർ വില കല്പിക്കുന്നത് നിങ്ങൾക്ക് സ്വയം കാണുവാൻ സാധിക്കും.

ഇനി അവസാന പരാതി നോക്കാം. സ്വതന്ത്രമായി പ്രവർത്തിക്കുവാൻ അനുവദിക്കുന്നില്ല. ഇവിടെ അധികാരത്തിന്റെ താത്വികത നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഓരോ വ്യക്തിയും, എന്തിന് ഒരു മൃഗം പോലും, ഈ ലോകത്തിൽ അവരുടേതായ ഒരു അധികാര പരിധി ഉണ്ടാക്കി വച്ചിട്ടുണ്ട് എന്ന് സൂക്ഷ്മമായി നിരൂപിച്ചാൽ

# വിധിയിലൂടെ സിദ്ധി

രഘുനാഥൻ മാമ്പള്ളി, ചാത്തന്നൂർ

സാധാരണ നമ്മൾ പറയാറുണ്ട് – ഓരോ കാര്യത്തിനും ഒരു വിധിയുണ്ട്. അതായത് പദ്ധതിയുണ്ട്. ആ വിധിയെ സ്വന്തമാക്കിയാൽ സഫലത ഉണ്ടാകും. അതിനാൽ എന്താണ് ആ വിധി എന്നത് അറിയേണ്ടതുണ്ട്. എങ്കിൽ വിജയം ഉറപ്പാണ്. ജീവിതത്തിൽ നമ്മുടെ സമ്പർക്കത്തിൽ വരുന്നവരുടെ സംസ്ക്കാരം, സ്വഭാവം താത്പര്യം– എല്ലാം വ്യത്യസ്തമായിരിക്കും. അത് മനസ്സിലാക്കി അതിനോടിണങ്ങും വിധമല്ല നമ്മുടെ വ്യവഹാരമെങ്കിൽ അവർ അശാന്തരും, വ്യാകുലരുമാകുന്നു. സൈദ്ധാന്തികമായ അറിവുണ്ടായിരുന്നാലും അതിനെ വിധിപൂർവ്വം പ്രായോഗികമാക്കുവാൻ കഴിയണം. അപ്പോൾ സിദ്ധി ഉണ്ടാകും.

മുഴുവൻ വ്യക്തികളും സ്വന്തം ഇഷ്ടത്തിനു വഴങ്ങണം, മുഴുവൻ കാര്യങ്ങളും നമ്മുടെ ഇഷ്ടമനുസരിച്ചാകണം, എല്ലാ പരിതസ്ഥിതികളും നമ്മൾ ആഗ്രഹിക്കുന്നതു പോലെയാകണം എന്നത് സംഭവ്യമല്ല. ഇതൊന്നും നമ്മുടെ നിയന്ത്രണ പരിധിയിൽ വരുന്ന കാര്യങ്ങളല്ല. കർമ്മ സിദ്ധാന്തമനുസരിച്ച് ഇവയിൽ ചില കാര്യങ്ങൾ മാത്രമായിരിക്കും നമുക്ക് അനുകൂലമായവ. അതുമായി പൊരുത്തപ്പെട്ട് മുന്നോട്ട് പോകേണ്ടി വരും.

ഒരു വീട്ടിലെ കാര്യം തന്നെയെടുക്കൂ, അച്ഛനും അമ്മയും മക്കളും, മുത്തശ്ശൻ, മുത്തശ്ശി അങ്ങനെ വിഭിന്നർ ഉണ്ടാകും. അച്ഛന്റെയും അമ്മയുടെയും സംസ്ക്കാരമായിരിക്കില്ല കുട്ടികളുടേത്. അവരുടേതായിരിക്കില്ല പിതാമഹന്റെയും പിതാമഹിയുടെയും. അവരോട് ഒരുമിച്ച് എങ്ങനെ കഴിയണം, എങ്ങനെ പെരുമാറണം– ഈ വിധി അറിയുന്നില്ലെങ്കിൽ മനസ്സ് ഉദാസീനമാകും. സന്തോഷമുണ്ടാകുകയില്ല. കുടുംബത്തിൽ അശാന്തിയുണ്ടാകും. നമ്മുടെ കാര്യങ്ങളിൽ ഉണ്ടാകേണ്ട സിദ്ധി ഉണ്ടാകുകയില്ല. അതിനാലാണ് ആദ്യം വിധിയെ സ്വന്തമാക്കൂ എന്ന് പറയുന്നത്. പല കാര്യങ്ങളും നമ്മൾ അനുഭവത്തിലൂടെയാണ് പഠിക്കുന്നത്. മറ്റുള്ളവരോടൊപ്പം ജീവിക്കുമ്പോൾ എങ്ങനെ ഇവരോടൊപ്പം കഴിയണം എന്നും പഠിക്കുന്നു. നമ്മൾ ഒരു കാര്യത്തിലും നിർബന്ധം പിടിക്കരുത്. “ഇവർ ശരിയായാൽ ഞാൻ ശരിയാകും. ഞാൻ പറയുന്നതനുസരിച്ച് ഇവർ പ്രവർത്തിച്ചാൽ സഫലതയുണ്ടാകും”– ഇങ്ങനെ നമ്മൾ നിർബന്ധം പിടിക്കാനും പാടില്ല. ഭൂതകാലം, വർത്തമാനകാലം, ഭാവികാലം മൂന്നിനെയും മുന്നിൽ കണ്ട് നടക്കണം. കഷ്ട-നഷ്ടങ്ങൾ ഉണ്ടായെങ്കിൽ അതിൽ നിന്നും പഠിക്കണം. വീണ്ടും തെറ്റുകൾ ആവർത്തിക്കാതിരിക്കണം. അപ്പോൾ സമയം വ്യർത്ഥമായിപ്പോവുകയില്ല, മുന്നോട്ട് പോകുന്നതിൽ തടസ്സങ്ങൾ വരില്ല.

നമുക്കു മനസ്സിലാകും. ആ പരിധിയ്ക്കുള്ളിൽ അവർ സ്വാതന്ത്ര്യവും സുരക്ഷിതത്വവും അനുഭവിക്കുന്നു. ഈ പരിധിയ്ക്കുള്ളിൽ കടക്കുവാൻ ആരും ആരേയും സാധാരണ അനുവദിക്കില്ല. ഈ ലോകം വിശാലമാണ്. അവിടെ അനേകായിരങ്ങൾക്ക് അവരുടേതായ വ്യത്യസ്ത അധികാര പരിധികൾ നിലനിർത്തുവാനാകും. നിങ്ങളുടെ ചുറ്റും നിങ്ങളുടേതായ ഒരു ലോകം സൃഷ്ടിക്കുവാൻ നിങ്ങൾക്കും തീർച്ചയായും സാധിക്കും. അത് ആരുടെയും അധികാര പരിധിയിൽ കടന്നു കയറി ആകുകയും അരുത്. ആരും അവരുടെ അധികാര പരിധി നിങ്ങൾക്കായി ഒരിക്കലും ഒഴിഞ്ഞു തരുമെന്ന പ്രത്യാശയും അരുത്. അങ്ങനെ നിങ്ങൾ നിങ്ങളുടെ ലോകം സൃഷ്ടിച്ചു കഴിഞ്ഞാൽ അവിടെ നിങ്ങൾ സുരക്ഷിതത്വം അനുഭവിക്കും, സ്വാതന്ത്ര്യം അനുഭവിക്കും.

## ഈശ്വരീയ സേവനം

# കേരളത്തിൽ



ഫെബ്രുവരി 7ന്, പാലക്കാട് സംഘടിപ്പിച്ച ധർമ്മസൂയ മഹായാഗത്തോടനുബന്ധിച്ച് നടത്തിയ വിദ്യാഭ്യാസ സമ്മേളനം രാജയോഗി ബി. കെ മൃത്യുഞ്ജയ് ഉത്ഘാടനം ചെയ്യുന്നു. ഒപ്പം ഇൻഡോളജിസ്റ്റ് ഡോ. മൈക്കിൾ ഡാനിനോ, M. തങ്കവേലു (ദൂരദർശൻ ഡയറക്ടർ പി. ചാമിയാർ, Ex. MP. V.S. വിജയ രാഗവൻ, ജസ്റ്റിസ്സ്. വി. ഈശ്വാരയ്യ, ഡോ. ഭക്തവത്സല, KG ഹോസ്പിററൽ ചെയർമാൻ, കോയമ്പത്തൂർ, BK മീന, KP ശശികല, O. രാജഗോപാൽ BJP ലീഡർ എന്നിവർ.




2014, ഫെബ്രുവരി 4ന് കാലിക്കട്ടിൽ സംഘടിപ്പിച്ച ഫ്യൂച്ചർ ഓഫ് സോഫ്ററ് പവർ എന്ന പരിപാടിയുടെ ഉത്ഘാടനം ശ്രീ. ജയകുമാർ ഐ.എ.എസ് നിർവ്വഹിക്കുന്നു.









എന്റെ കേരളം ലഹരിവിമുക്ത കേരളം എന്ന ബോധവത്കരണ പരിപാടിയോട് അനുബന്ധിച്ച് പാലക്കാട് നടത്തിയ എക്സിബിഷനിലെ ചില ദൃശ്യങ്ങൾ



മധുബൻ ശാന്തിവനത്തിലെ ഗോഡ്‌ലിവുഡ് സ്റ്റുഡിയോയുടെ മലയാള വിഭാഗത്തിന്റെ ഉത്ഘാടനം രാജയോഗി ബി.കെ. രമേഷ് ഷാ നിർവ്വഹിക്കുന്നു.



ഫെബ്രുവരി 1, 2014ന് കൊച്ചിയിൽ നടന്ന പീസ് ആന്റ് ഹാർമണി കോൺഫറൻസ്



2014, ജനുവരി 26 മുതൽ ഫെബ്രുവരി 2 വരെ നെടുമ്പാശ്ശേരി രാജയോഗ ഭവനിൽ നടത്തിയ സ്ട്രെസ്സ് ഫ്രീ വീക്ക് ആഘോഷ പരിപാടിയുടെ ഉത്ഘാടനം.



കൊല്ലം എസ്.എൻ കോളേജിൽ സംഘടിപ്പിച്ച പ്രകൃതിയും പരിസ്ഥിതിയും ദുരന്ത നിവാരണവും എന്ന ബോധവൽക്കരണ പരിപാടിയിൽ ന്യൂറോ തെറാപ്പിസ്റ്റ് ശ്രീ ബി.കെ.എസ് കുമാർ സംസാരിക്കുന്നു. ഇതേവിഷയത്തെ ക്കുറിച്ച് എസ്.എൻ കോളേജിൽ ബി.കെ സ്വർണ്ണലക്ഷ്മി സംസാരിക്കുന്നു.